# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of the 07/22 (202nd) Meeting of the Syndicate held on 23.08.2022 at 11.00 am at University Head Quarters, Kalady

**Members Present:**

1. ഡോ. എം.വി. നാരായണൻ, വൈസ് ചാൻസലർ, അദ്ധ്യക്ഷൻ - ഒപ്പ്
2. ഡോ.കെ. മുത്തുലക്ഷ്മി,പ്രോ വൈസ് ചാൻസലർ - ഒപ്പ്
3. ഡോ. എം. മണിമോഹനൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
4. ഡോ. പി. വി രാമൻകുട്ടി, സിൻഡിക്കേറ്റംഗം - ഒപ്പ്
5. പ്രൊഫ. ഡി. സലിംകുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
6. ഡോ. ആർ. ശശീധരൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
7. ഡോ. ബിച്ചു.എക്സ്.മലയിൽ, സിൻഡിക്കേറ്റംഗം - ഒപ്പ്
8. ഡോ. സി.എം മനോജ് കുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
9. പ്രൊഫ. എസ്. മോഹൻദാസ്, സിൻഡിക്കേറ്റംഗം - ഒപ്പ്
10. ഡോ. കെ.എം. അനിൽ, സിൻഡിക്കേറ്റംഗം - ഒപ്പ്
11. ഡോ. ബീന ഐസക്, സിൻഡിക്കേറ്റംഗം - ഒപ്പ്
12. പ്രൊഫ. തോമസ് കെ ജോബ്, , സിൻഡിക്കേറ്റംഗം (ഓൺ ലൈൻ)
13. ശ്രീ. സാജുകുമാർ,ജോയിന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് (ഓൺ ലൈൻ)
14. ശ്രീമതി. കാഞ്ചന ടി, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ് (ഓൺ ലൈൻ)

കൂടാതെ ഡോ. ഗോപാലകൃഷ്ണൻ എം.ബി (രജിസ്ട്രാർ) പങ്കെടുത്തു.

# MAIN AGENDA

## Item No. 1

Report of the Vice Chancellor to the Syndicate

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞൻ പ്രൊഫ. കെ. ജെ. ജോർജ്, ഗോത്ര സമൂഹത്തിന്റെ ജീവിതത്തെയും, സംസ്കാരത്തെയും മലയാള സാഹിത്യത്തിന് പരിചയപ്പെടുത്തിയ പ്രമുഖ എഴുത്തുകാരൻ ശ്രീ. നാരായൻ എന്നിവരുടെ നിര്യാണത്തിലും കലാ, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്ത് കർമ്മ നിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

29.06.2022 തീയതിയിലെ 201-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. ഡീൻമാരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റ് അംഗമായ ഡോ. കെ. എം. അനിൽ - നെ സ്വാഗതം ചെയ്യുന്നു.
2. സർവകലാശാല പ്രസിദ്ധീകരിച്ച ഡോ. കെ.എസ് മീനാംബാളിന്റെ 'ഭൂഷണ സാരശോഭ' 29.06.2022 ന് വൈസ് ചാൻസലർ പ്രകാശനം ചെയ്തു. പ്രസ്തുത ചടങ്ങിൽ സിൻഡിക്കേറ്റ് അംഗം പ്രൊഫ. (ഡോ.) എം. മണിമോഹനൻ അധ്യക്ഷത വഹിച്ചു.
3. 2022 അധ്യയന വർഷത്തെ ബിരുദാനന്തര ബിരുദ ക്ലാസ്സുകൾ 30.06.2022 ന് ആരംഭിച്ചു.
4. 2022 അധ്യയന വർഷത്തെ വിവിധ ബിരുദ പ്രോഗ്രാമുകളിലേക്കും ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിലെ ആയുർവേദ പഞ്ചകർമ്മ, സ്പാ തെറാപ്പി പി.ജി ഡിപ്ലോമ കോഴ്സിലേക്കും ഉള്ള വിജ്ഞാപനം 01.07.2022 ന് പുറപ്പെടുവിച്ചു.
5. 2022 അഡ്മിഷൻ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കായി ജൂലൈ മാസം 06, 07, 08 തീയതികളിൽ ഒരു ത്രിദിന ഇൻഡക്ഷൻ പ്രോഗ്രാം ഐ.ക്യു.എ.സി സംഘടിപ്പിച്ചു. ഇതിന്റെ ഉദ്ഘാടനം ബഹു. വൈസ് ചാൻസലർ നിർവഹിച്ചു.
6. തൃശ്ശൂർ ആസ്ഥാനമായ അർണോസ് പാതിരി അക്കാദമി ഡയറക്ടർ 19.07.2022 ന് സർവകലാശാല സന്ദർശിക്കുകയും മഹാനായ അർണോസ് പാതിരി (ജോൺ ഏണസ്റ്റ് ഹാങ്സ്ളേഡൻ) തയ്യാറാക്കിയ സംസ്കൃത വ്യാകരണത്തിന്റെ (ഗ്രമാറ്റിക്ക ഗ്രന്ഥോണിക്ക) കോപ്പി സർവകലാശാലയ്ക്ക് കൈമാറുകയും ചെയ്തു. ഈ കൃതി സർവകലാശാലയുടെ നേതൃത്വത്തിൽ

പുസ്തക രൂപത്തിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കണമെന്നും ബിരുദ, ബിരുദാനന്തര ബിരുദ, വ്യാകരണ കോഴ്സുകളിൽ റഫറൻസ് പുസ്തകമാക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്കൃത വ്യാകരണ വിഭാഗം മേധാവിയായ ഡോ. യമുന കെ. യെ ഈ വിഷയം പരിശോധിച്ച് വിലയിരുത്തുന്നതിനായി ചുമതലപ്പെടുത്തിയിരുന്നു. ഇത് ഐ.ഡി.പി യുടെ സെന്റേഴ്സ് ആൻഡ് ലീന്യേജസ് ഓഫ് സാൻസ്ക്രിറ്റ് ലേണിംഗ് എന്ന ഫോക്കൽ തീമിന്റെ ഭാഗമായ പ്രോജക്റ്റായി ഏറ്റെടുക്കാവുന്നതാണെന്ന് ഡോ. യമുന കെ. അഭിപ്രായപ്പെടുത്തിയത് അനുസരിച്ച് പുസ്തകത്തിന്റെ ഡിജിറ്റൽ കോപ്പിയും അത് പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതിയും ലഭിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു.

7. സർവകലാശാലയിലെ സംസ്കൃത പ്രചാരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2022 ജൂലൈ 29-ാം തീയതി സർവകലാശാലാ ആസ്ഥാനത്ത് സംഘടിപ്പിച്ച അഷ്ടാദശി പ്രോജക്ടിന്റെ ഭാഗമായുള്ള മാതൃകാ വിദ്യാലയ പദ്ധതി, ശ്രീനാരായണഗുരുവിന്റെ ആത്മോപദേശ ശതകത്തിന്റെ പുന:അച്ചടിക്കായുള്ള പദ്ധതി എന്നിവയുടെ ഉദ്ഘാടന കർമ്മം ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു നിർവഹിച്ചു. വൈസ് ചാൻസലർ അധ്യക്ഷത വഹിച്ച പ്രസ്തുത ചടങ്ങിൽ സിൻഡിക്കേറ്റ് അംഗം അഡ്വക്കേറ്റ് പ്രേംകുമാർ എം.എൽ.എ, അങ്കമാലി എം.എൽ.എ. ശ്രീ.റോജി.എം.ജോൺ എന്നിവർ സംബന്ധിച്ചു. കൂടാതെ സർവകലാശാലയുടെ മുന്നോട്ടുള്ള പ്രയാണത്തിന് വലിയൊരു കാൽവയ്പായി കരുതുന്ന ഇൻസ്റ്റിറ്റ്യൂഷണൽ ഡവലപ്മെന്റ് പ്ലാൻ (IDP) ന്റെ അവതരണ ചടങ്ങിലും ബഹു. മന്ത്രി പങ്കെടുത്തു.

8. സർക്കാർ നിയമിച്ച ഉന്നത വിദ്യാഭ്യാസ പരിഷ്കാര കമ്മീഷന്റെ റിപ്പോർട്ട് സമർപ്പണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് സംഘടിപ്പിച്ച ചടങ്ങിൽ വൈസ് ചാൻസലർ, പ്രോ വൈസ് ചാൻസലർ, രജിസ്ട്രാർ, സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. എം. മണിമോഹനൻ, ഡോ. ബിച്ചു എക്സ്. മലയിൽ എന്നിവർ പങ്കെടുത്തു. പരീക്ഷാ പരിഷ്കരണ റിപ്പോർട്ടിലെ അജണ്ടകളി

ന്മേലുള്ള ചർച്ചയിൽ പ്രോ വൈസ് ചാൻസലർ സർവകലാശാലയെ പ്രതിനിധീകരിച്ച് പങ്കെടുത്തു.

9. സർവകലാശാലയിൽ ഐ.ഡി.പി യുടെ ഭാഗമായി ഫ്ളാഗ്ഷിപ് പദ്ധതിയായ എസ്.എസ്.യു.എസ് സെന്റർ ഫോർ അക്കാദമിക് റൈറ്റിങ്ങ് (SCAW) ആരംഭിച്ചു. സർവകലാശാലയിലെ വിവിധ വകുപ്പുകളിലെ അധ്യാപകരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഇരുപത് പിയർ ടീം അംഗങ്ങൾക്ക് ഭാഷാ വിവർത്തനം, അക്കാദമിക് റൈറ്റിങ്ങ് എന്നീ വിഷയങ്ങളിൽ രണ്ട് ഘട്ടങ്ങളിലായി ശിൽപശാല സംഘടിപ്പിച്ചു. ഓഗസ്റ്റ് 10 -ാം തീയതി സംഘടിപ്പിച്ച ഒന്നാം ഘട്ട വർക്ക്ഷോപ്പിൽ മലയാള സർവകലാശാലാ വിസിറ്റിംഗ് പ്രൊഫസർ ഡോ. ഇ.വി ഫാത്തിമയും ഓഗസ്റ്റ് 16, 17, 18 തീയതികളിൽ നടന്ന രണ്ടാം ഘട്ട ശിൽപശാലയിൽ ഡൽഹി അശോക യൂണിവേഴ്സിറ്റി സംസ്കൃത വിഭാഗം പ്രൊഫസർ ഡോ. നരേഷ് കീർത്തിയും വിഷയ വിദഗ്ധരായി പങ്കെടുത്തു. മൂന്നാം ഘട്ട ശിൽപശാല കേരളാ സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിലുമായി സഹകരിച്ച് ബ്രെയിൻ ഗെയിം പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്.

10. 2022-23 അദ്ധ്യയന വർഷത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് നേരിട്ട് ഉന്നത വിദ്യാഭ്യാസത്തിന്റെ പുരോഗമനത്തിനായി വിഭാവനം ചെയ്ത പ്രോജക്റ്റ് മോഡിന്റെ ഭാഗമായി നമ്മുടെ സർവകലാശാല പി.ജി / പി.ജി ഡിപ്ലോമ പ്രോഗ്രാമുകളിലേക്കായി അഞ്ച് പ്രൊപ്പോസലുകൾ അനുമതിക്കായും ധനസഹായത്തിനായും ഓഗസ്റ്റ് 17 -ാം തീയതി പ്രസ്തുത വകുപ്പിലേക്ക് സമർപ്പിച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

11. സിൻഡിക്കേറ്റ് അംഗമായ ഡോ. പി.വി രാമൻകുട്ടിയുടെ സാൻസ്ക്രിറ്റ് സെൻസിബിലിറ്റി ആൻഡ് മോഡേണിറ്റി എന്ന പുസ്തകം ഓഗസ്റ്റ് 22 -ാം തീയതി വൈസ് ചാൻസലർ സർവകലാശാലയിലെ മീഡിയ സെന്ററിൽ പ്രകാശനം ചെയ്തു.

12. കേരള സാഹിത്യ അക്കാദമിയുടെ 2021 ലെ സാഹിത്യ വിമർശനത്തിനുള്ള അവാർഡ് നമ്മുടെ സർവകലാശാലയിലെ മലയാള വിഭാഗം മുൻ പ്രൊഫസർ ഡോ. അജയകുമാർ എൻ ന് ലഭിച്ചു. ഡോ. അജയകുമാറിന് അഭിനന്ദനങ്ങൾ.

13. സർവകലാശാലയിലെ വിവിധ അക്കാദമിക വകുപ്പുകളും, ശ്രീ ശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രവും ഈ കാലയളവിൽ സെമിനാറുകളും വെബിനാറുകളും ശില്പശാലകളും സംഘടിപ്പിച്ചിട്ടുണ്ട്.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

## Item No. 2

Award of Ph.D Degree

a) Smt. Alphonsa Chacko in Sanskrit Sahitya [No. EA/PhD/703/SSUS/2021(1)]
b) Sri. Sijo Sebastian in Philosophy [No. EA/PhD/702/SSUS/2021]
c) Sri. Jamshad Ali P.T in English [No. EA/PhD/705/SSUS/2021(1)]

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, and the Standing Committee on Examination held on 26.07.2022, it is resolved to award Ph.D to

a) Smt. Alphonsa Chacko in Sanskrit Sahitya under the Faculty of Sanskrit Literature for the Ph.D thesis titled **"Worship of Sun: A Study Based on Sanskrit Sources "** under the guidance of Dr. Reeja B. Kavanal, Professor (Rtd), Department of Sanskrit Sahitya, Sree Sankaracharya University of Sanskrit, Kalady.

b) Sri. Sijo Sebastian in Philosophy under the Faculty of Arts and Social Sciences for the Ph.D thesis titled **"A Critique of Epistemic Credentials of Religious Belief: Towards an Alternative Model"** under the guidance of Dr. Sreekala M. Nair, Professor, Department of Philosophy, Sree Sankaracharya University of Sanskrit, Kalady.

c) Sri. Jamshad Ali P.T in English under the Faculty of Foreign Languages for the Ph.D thesis titled **"Orphans in Indian English Fiction: A Poststructuralist Reading"** under the guidance of Dr. Ajay S. Sekhar, Assistant Professor, Department of English, Sree Sankaracharya University of Sanskrit, Kalady.

## Item No. 3

സംസ്കൃതം വേദാന്തം വിഭാഗം 2019 - 20 അഡ്മിഷൻ എം.ഫിൽ വിദ്യാർത്ഥിനിയായ ജയരഞ്ജിനി എൽ - ന് നിലവിലെ എം.ഫിൽ ബാച്ചിനൊപ്പം റീ അഡ്മിഷൻ നൽകിയത് - സംബന്ധിച്ച്. (No. Acd.A1/14350/SSUS/2016)

26.07.2022 ലെ പരീക്ഷ സ്ഥിരം സമിതിയുടെ ശുപാർശ പരിഗണിച്ച് സംസ്കൃതം വേദാന്തം വിഭാഗം 2019 - 20 അഡ്മിഷൻ എം.ഫിൽ വിദ്യാർത്ഥിനിയായ ജയരഞ്ജിനി എൽ - ന് നിലവിലെ എം.ഫിൽ ബാച്ചിനൊപ്പം റീ അഡ്മിഷൻ എടുത്ത് രണ്ടാം സെമസ്റ്റർ പൂർത്തിയാക്കുന്നതിന് അനുമതി നൽകി ബഹു. വൈസ് ചാൻസലർ ഉത്തരവായത് റിപ്പോർട്ട് ചെയ്തത് അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 4

കാലടി മുഖ്യകേന്ദ്രം 2016 അഡ്മിഷൻ ബി.എ. മ്യൂസിക് വിദ്യാർത്ഥികളായ കൃഷ്ണപ്രിയ പി.എസ്, ആര്യ വി ദാമോദരൻ, ശൈത്യ രാജൻ എന്നിവർക്ക് 2/3/4/6 സെമസ്റ്ററുകളിലെ പഴയ സ്കീമിൽ വിവിധ വിഷയങ്ങൾക്ക് റീ-അപ്പിയർ ചെയ്യുന്ന തിന് അനുമതി നൽകുന്നത് - സംബന്ധിച്ച്. (No. 10612/Acd.B2/2011/SSUS)

26.07.2022 ലെ പരീക്ഷ സ്ഥിരം സമിതിയുടെ ശുപാർശ പരിഗണിച്ച് കാലടി മുഖ്യകേന്ദ്രം 2016 അഡ്മിഷൻ ബി.എ. മ്യൂസിക് വിദ്യാർത്ഥികളായ കൃഷ്ണപ്രിയ പി.എസ്, ആര്യ വി ദാമോദരൻ, ശൈത്യ രാജൻ എന്നിവർ 2/3/4/6 സെമസ്റ്ററുകളിലെ പഴയ സ്കീമിൽ വിവിധ വിഷയങ്ങൾക്ക് റീ-അപ്പിയർ ചെയ്യുന്നതിന് നൽകിയ അപേക്ഷ നിരസിക്കാൻ തീരുമാനിച്ചു.

## Item No.5

നാലാം സെമസ്റ്റർ എം.എ/എം.എസ്.സി. (റെഗുലർ /റീ അഡ്മിഷൻ) പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെയും, 1, 3, 4 സെമസ്റ്റർ റീ അപ്പിയറൻസ് / സീറോ സെമസ്റ്റർ പരീക്ഷ എഴുതി ബിരുദാനന്തര ബിരുദം വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെയും പരീക്ഷാഫലം പ്രസിദ്ധീകരിച്ചത് - സിൻഡിക്കേറ്റിന്റെ അംഗീകാരം - സംബന്ധിച്ച്. (No. E.B/3929/SSUS/2022)

26.07.2022 ലെ പരീക്ഷ സ്ഥിരം സമിതിയുടെ ശുപാർശ പരിഗണിച്ച് സംസ്കൃത സർവകലാശാലയുടെ മുഖ്യ കേന്ദ്രത്തിലും വിവിധ പ്രാദേശിക കേന്ദ്രങ്ങളിലുമായി 2022 ഏപ്രിൽ മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ / എം.എസ്.സി. (റെഗുലർ / റീ അഡ്മിഷൻ / റീഅപ്പിയറൻസ്) 1, 3 സെമസ്റ്റർ (ഒക്ടോബർ 2021) റീ അപ്പിയറൻസ് / സീറോ സെമസ്റ്റർ പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 6

ഒക്ടോബർ 2017 ൽ നടന്ന 5-ാം സെമസ്റ്റർ ബി.എ. സംസ്കൃതം ജനറൽ പരീക്ഷയിൽ നടന്ന ക്രമക്കേട് - സംബന്ധിച്ച്. (No. E.C/4905/SSUS/2018)

26.07.2022 ലെ പരീക്ഷ സ്ഥിരം സമിതിയുടെ ശുപാർശ പരിഗണിച്ച് ഒക്ടോബർ 2017 ൽ നടന്ന 5-ാം സെമസ്റ്റർ ബി.എ സംസ്കൃതം ജനറൽ പരീക്ഷയിൽ നടന്ന ക്രമക്കേടിനെ തുടർന്ന് ഏപ്രിൽ / ഒക്ടോബർ മാസത്തിലെ അഞ്ച്, ആറ് സെമസ്റ്റർ റീ അപ്പിയറൻസ് പരീക്ഷകൾ റദ്ദാക്കിയത് പുന:പരിശോധിക്കുന്നതിനും സംഭവം നടന്ന് അഞ്ച് വർഷം കഴിഞ്ഞതിനാൽ അത് ശിക്ഷാകാലമായി പരിഗണിച്ച് ഫലം പ്രസിദ്ധീകരിക്കുന്നതിനുമായി ജിഷ്ണുദേവൻ. ഡി സമർപ്പിച്ച അപേക്ഷ അംഗീകരിക്കുവാനും ടിയാളുടെ അഞ്ച്, ആറ് സെമസ്റ്റർ റീ അപ്പിയറൻസ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിക്കുവാനും തീരുമാനിച്ചു.

## Item No. 7(a)

2022 വർഷത്തിൽ എം.ഫിൽ പൂർത്തിയാക്കിയ 2019 അഡ്മിഷൻ വിദ്യാർത്ഥികളുടെ പരീക്ഷ ഫലം അംഗീകരിക്കുന്നതും ഡിഗ്രി അവാർഡ് ചെയ്യുന്നതും - സംബന്ധിച്ച്. [No. ED/11607/SSUS/2018]

26.07.2022 ലെ പരീക്ഷ സ്ഥിരം സമിതിയുടെ ശുപാർശ പരിഗണിച്ച് 2022 വർഷത്തിൽ എം.ഫിൽ പൂർത്തിയാക്കിയ 2019 അഡ്മിഷൻ വിദ്യാർത്ഥികളുടെ പരീക്ഷ ഫലം പ്രസിദ്ധീകരിച്ചത് അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 7(b)

2022 വർഷത്തിൽ എം.ഫിൽ പൂർത്തിയാക്കിയ 2019 അഡ്മിഷൻ വിദ്യാർത്ഥിയായ വിഷ്ണുമായ സി.പി. യുടെ പരീക്ഷ ഫലം അംഗീകരിക്കുന്നതും ഡിഗ്രി അവാർഡ് ചെയ്യുന്നതും - സംബന്ധിച്ച്. [No. ED/11607/SSUS/2018]

26.07.2022 ലെ പരീക്ഷ സ്ഥിരം സമിതിയുടെ ശുപാർശ പരിഗണിച്ച് 2022 വർഷത്തിൽ എം.ഫിൽ പൂർത്തിയാക്കിയ 2019 അഡ്മിഷൻ വിദ്യാർത്ഥിയായ ഹിന്ദി വിഭാഗത്തിലെ വിഷ്ണുമായ സി.പി. യുടെ പരീക്ഷ ഫലം 12.05.2022 ലെ ഇഡി / 5134 / 2021 / എസ്.എസ്.യു.എസ് നമ്പർ വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിച്ചത് അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 7(c)

2022 വർഷത്തിൽ എം.ഫിൽ പൂർത്തിയാക്കിയ 2019 അഡ്മിഷൻ / 2020 റി അഡ്മിഷൻ വിദ്യാർത്ഥികളുടെ പരീക്ഷാഫലം അംഗീകരിക്കുന്നതും ഡിഗ്രി അവാർഡ് ചെയ്യുന്നതും - സംബന്ധിച്ച്. (No. E.D/11607/SSUS/2018)

26.07.2022 ലെ പരീക്ഷ സ്ഥിരം സമിതിയുടെ ശുപാർശ പരിഗണിച്ച് 2022 വർഷത്തിൽ എം.ഫിൽ പൂർത്തിയാക്കിയ സൈക്കോളജി വിഭാഗം 2019 അഡ്മിഷൻ / 2020 റീ-അഡ്മിഷൻ വിദ്യാർത്ഥികളുടെ പരീക്ഷാഫലം അംഗീകരിക്കാനും ഡിഗ്രി അവാർഡ് ചെയ്യുന്നതിന് അക്കാദമിക് കൗൺസിലിനോട് ശിപാർശ ചെയ്യാനും തീരുമാനിച്ചു.

## Item No. 8

ഭരതനാട്യം ഗവേഷണപഠനവകുപ്പിലെ 08.02.2013 രജിസ്ട്രേഷൻ പാർട്ട് ടൈം പി.എച്ച്.ഡി ഗവേഷകയായ ശ്രീമതി. അനുപമ പി.എം നെ ഗവേഷണം പൂർത്തി യാക്കുവാൻ അനുവദിക്കുന്നത് - സംബന്ധിച്ച്. (No. Acd.A1 / 6490 / SSUS /2013)

20.06.2022 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശുപാർശ പരിഗണിച്ച് ഭരതനാട്യം ഗവേഷണ പഠന വകുപ്പിലെ 08.02.2013 രജിസ്ട്രേഷൻ പാർട്ട് ടൈം പി.എച്ച്.ഡി ഗവേഷകയായ ശ്രീമതി. അനുപമ പി.എം. നെ ഗവേഷണം പൂർത്തിയാക്കാൻ അനുവദിക്കുന്നതിന് വ്യക്തമായ തീരുമാനമെടുക്കാൻ ഡീനിന്റെ അദ്ധ്യക്ഷതയിൽ RAC കമ്മിറ്റി അടിയന്തിരമായി വിളിച്ച് ചേർക്കുന്നതിന് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

## Item No. 9

2019 അഡ്മിഷൻ എം.എസ്.സി സൈക്കോളജി വിദ്യാർത്ഥിനി ഷംസിയ കെ.എച്ച് ന് 2021-2023 ബാച്ചിന്റെ കൂടെ ഇന്റേൺഷിപ്പ് പൂർത്തീകരിക്കാൻ അനുമതി നൽകുന്നത് - സംബന്ധിച്ച്. (No. 5309/Acd.B2 /2021/SSUS)

2019 അഡ്മിഷൻ എം.എസ്സി സൈക്കോളജി വിദ്യാർത്ഥിനിയായ ഷംസിയ കെ. എച്ച് 2021-2023 ബാച്ചിന്റെ കൂടെ ഇന്റേൺഷിപ്പ് പൂർത്തീകരിക്കുന്നതിന് അനുവാദം ചോദിച്ച് സമർപ്പിച്ച അപേക്ഷ നിരസിക്കാൻ തീരുമാനിച്ചു.

## Item No. 10

2017 അഡ്മിഷൻ വിദ്യാർത്ഥികളായ ദൃശ്യ പി, അഭിരാമി എന്നിവർക്ക് 2022 ഒക്ടോബറിൽ നടക്കുന്ന റീ - അപ്പിയറൻസ് പരീക്ഷ എഴുതുന്നതിനുള്ള അനുമതി നൽകുന്നത് - സംബന്ധിച്ച്. (No. 8053/Acd.B2 /2021/SSUS)

2017 അഡ്മിഷൻ വിദ്യാർത്ഥികളായ ദൃശ്യ പി, അഭിരാമി എന്നിവർക്ക് 2022 ഒക്ടോബറിൽ നടക്കുന്ന റീ-അപ്പിയറൻസ് പരീക്ഷ എഴുതുന്നതിനുള്ള അനുമതി നൽകേണ്ടതില്ലായെന്ന് തീരുമാനിച്ചു.

## Item No. 11

പന്മന, തിരൂർ, പയ്യന്നൂർ പ്രാദേശിക കേന്ദ്രങ്ങളിൽ കായിക അദ്ധ്യാപകരെ നിയമിക്കണമോ എന്ന് തീരുമാനിക്കുന്നത്-സംബന്ധിച്ച് (No.Ad.A2/194/SSUS/2022)

18.03.2022 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെയും 20.06.2022 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച് പന്മന, തിരൂർ, പയ്യന്നൂർ പ്രാദേശിക കേന്ദ്രങ്ങളിൽ കായിക പഠനം വിഭാഗത്തിൽ ഗസ്റ്റ് അധ്യാപകരെ തത്ക്കാലം നിയമിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

## Item No. 12

സിൻഡിക്കേറ്റ് അംഗം ഡോ. മിനി ടി - യെ സർവകലാശാല ആസ്ഥാനത്തു വെച്ച് കൈയേറ്റം ചെയ്ത വിഷയത്തിൽ സിൻഡിക്കേറ്റ് സ്വീകരിച്ച തീരുമാനം പുന:പരിശോധിക്കണമെന്ന ഡോ. ടി. മിനിയുടെ അപേക്ഷ – സംബന്ധിച്ച് .

(No. Ad.B / 9814 / SSUS / 2017)

ഡോ. മിനി ടി. യുടെ പരാതി പരിഗണിക്കുന്നത് സംബന്ധിച്ച് മുൻ സിൻഡിക്കേറ്റ് തീരുമാനം പുന:പരിശോധിക്കുന്നതിന് സ്റ്റാന്റിംഗ് കൗൺസലിന്റെ നിയമോപദേശം തേടാൻ തീരുമാനിച്ചു.

## Item No. 13

ഡയറക്ടർ (പ്ലാനിംഗ് & ഡവലപ്പ്മെന്റ്) തസ്തിക ജോയിന്റ് രജിസ്ട്രാർ റാങ്കിലേക്ക് പരിവർത്തനം ചെയ്യുന്നത് - സംബന്ധിച്ച്. (No. Ad. B2/1549 / SSUS / 2021 )

പ്രസ്തുത വിഷയം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

## Item No. 14

സെമസ്റ്റർ അവധി ഒഴിവാക്കിയപ്പോൾ അദ്ധ്യാപകർക്ക് ആർജ്ജിതാവധി ക്രെഡിറ്റ് ചെയ്ത് നൽകുന്നത് - സംബന്ധിച്ച്. (No. Ad.A1/2396 / SSUS / 2018)

സെമസ്റ്റർ അവധി ഒഴിവാക്കിയപ്പോൾ അദ്ധ്യാപകർക്ക് ആർജ്ജിതാവധി ക്രെഡിറ്റ് ചെയ്ത് നൽകുന്നതുമായ വിഷയത്തിൽ പരാതി നൽകിയ അധ്യാപക സംഘടന ASSUT പ്രതിനിധികളുമായി ചർച്ച നടത്താൻ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## Item No. 15 (a)

ഭിന്നശേഷി വിഭാഗത്തിലെ സംവരണം സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഭിന്ന ശേഷി കൂട്ടായ്മ സമർപ്പിച്ചിട്ടുള്ള അപേക്ഷ – സംബന്ധിച്ച്. (No. Ad.A2 /14751 / SSUS / 2015)

&

## Item No. 15 (b)

അദ്ധ്യാപക തസ്തികയിലെ ഭിന്നശേഷി സംവരണം സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ഭിന്നശേഷി കൂട്ടായ്മ സമർപ്പിച്ചിട്ടുള്ള അപേക്ഷ – മുൻ അപേക്ഷയോടൊന്നിച്ച് പരിഗണിക്കുന്നത് - സംബന്ധിച്ച്.

(No. Ad.A2/14751/SSUS/2015)

29.07.2022 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ വിശദമായി ചർച്ച ചെയ്തു. സർവകലാശാലയിൽ ഭിന്നശേഷി സംവരണ പ്രകാരമുള്ള അദ്ധ്യാപക നിയമന നടപടികളാണ് നടത്തി വരുന്നത്. നിലവിൽ ടി വിഭാഗത്തിൽ ബാക്ക്‌ലോഗ് ഒഴിവുകളില്ല. ഏറ്റവും അടുത്തായി നടത്തിയ നോട്ടിഫിക്കേഷൻ ഈ സംവരണ നിയമപ്രകാരമായതിനാൽ അപ്രകാരമുള്ള മറുപടി നൽകാൻ തീരുമാനിച്ചു.

## Item No. 16

സംസ്കൃത സർവകലാശാലയിൽ ജീവനക്കാരുടെ അച്ചടക്ക പരിപാലനത്തിനുള്ള പരാതി പരിഹാര സമിതി പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗനിർദേശങ്ങൾ അംഗീകരിക്കുന്നത് - സംബന്ധിച്ച് . (No.Ad.C/6255/SSUS/2022)

സംസ്കൃത സർവകലാശാലയിൽ ജീവനക്കാരുടെ അച്ചടക്ക പരിപാലനത്തിനുള്ള പരാതി പരിഹാര സമിതി പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗനിർദേശങ്ങൾ നമ്പർ 3 ൽ 29.07.2022 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതി ശിപാർശ ചെയ്ത താഴെ പറയുന്ന ഭേദഗതിയോടുകൂടിയ മാർഗ്ഗനിർദ്ദേശങ്ങൾ (അനുബന്ധം I) അംഗീകരിക്കാൻ തീരുമാനിച്ചു.

> "സർവകലാശാലയിൽ ലഭിക്കുന്ന പരാതികളിൽ വൈസ് ചാൻസലറാണ് പരാതി പരിഹാര സമിതിയുടെ പരിഗണനയ്ക്കായി നൽകുക. ഈ നടപടിയോടൊപ്പം തന്നെ **ആവശ്യമെങ്കിൽ** നിയമപ്രകാരമുള്ള നടപടികളും അന്വേഷണവും തടസ്സമില്ലാതെ നിർവ്വഹിക്കേണ്ടതാണ്."

## Item No. 17

ശ്രീ ശങ്കരാചാര്യ അന്താരാഷ്ട്ര പഠനകേന്ദ്രത്തിന്റെ ഓർഡിനൻസിൽ ഭേദഗതികൾ വരുത്തുന്നത് - സംബന്ധിച്ച്. (No. ISSS / 292 / SSUS / 2015)

29.07.2022 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ശ്രീ ശങ്കരാചാര്യ അന്താരാഷ്ട്ര പഠനകേന്ദ്രത്തിന്റെ ഓർഡിനൻസിൽ ഭേദഗതികൾ വരുത്തണമെന്ന ടി പഠനകേന്ദ്രം ഡയറക്ടറുടെ നിർദ്ദേശം പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

## Item No. 18

Usage of official name of the University, “Sree Sankaracharya University of Sanskrit’ without suffixing the name ‘Kalady’- Raising of issues - reg. (No.LGLS/12651/SSUS/2021)

നിലവിലെ സ്ഥിതി തുടരാൻ തീരുമാനിച്ചു.

## Item No. 19

Publication of the Book Haindava Dharma Sudakaram – Report on present status and decision on the proposal for completion of the work by M/s Ethos Publications – reg. (No. LGLS/4956/2009/SSUS)

Considering the recommendations of the Staff and Legal Committee, held on 29.07.2022, the Syndicate noted the report and resolved to approve the present proposal of M/s. Ethos Publications to complete the work within 6 months time i.e by 30.11.2022 and to effect payment of Rs. 7,59,125/- due to them after the delivery of the books.

## Item No. 20

സർവകലാശാലകൾ ഡിഗ്രി അവാർഡ് ചെയ്യുന്നത് സംബന്ധിച്ച യു.ജി.സി നിർദേശം നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച്. (No. Acd.C2/12814/SSUS/2019)

08.04.2022 ലെ യു.ജി.സി യിൽ നിന്നുള്ള DO No. F2-10/2022 (CPP-II) നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ഡിഗ്രി അർഹത നേടി 180 ദിവസത്തിനുള്ളിൽ വിദ്യാർത്ഥികൾക്ക് ഡിഗ്രി അവാർഡ് ചെയ്യുന്നതിനും അവസാന വർഷ മാർക്ക് ലിസ്റ്റിനോടൊപ്പം പ്രൊവിഷണൽ സർട്ടിഫിക്കറ്റും വിതരണം ചെയ്യുന്നതിനുമുള്ള 2008 ലെ യു.ജി.സി നിർദ്ദേശം നടപ്പിലാക്കുന്നതിന് അക്കാദമിക് കൗൺസിൽ യോഗങ്ങൾ ആറു മാസത്തിലൊരിക്കൽ എന്നതിനു പകരം ആവശ്യ ഘട്ടങ്ങളിൽ കൂടാവുന്നതാണെന്ന് തീരുമാനിച്ചു.

കൂടാതെ 29.07.2022 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശുപാർശ പരിഗണിച്ച് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ, 6 മാസത്തിലേറെയായി ബിരുദ സർട്ടിഫിക്കറ്റുകൾ കൊടുക്കുന്നതിന് കാലതാമസമുണ്ടായിട്ടുണ്ടെങ്കിൽ അത്തരം കേസുകളുടെ വിശദാംശങ്ങൾ നൽകാൻ ബന്ധപ്പെട്ട സെക്ഷനുകളിലേക്ക് നിർദ്ദേശം നൽകാനും തീരുമാനിച്ചു.

## Item No. 21

സംസ്കൃതം വ്യാകരണം വിഭാഗത്തിലെ 03.01.2019 രജിസ്ട്രേഷൻ ഗവേഷക ഹന്ന അസൈനാർ എം അവധിയ്ക്ക് ശേഷം പഠന വകുപ്പിൽ ഹാജരാകാതിരുന്ന കാലയളവ് ക്രമീകരിച്ച് നൽകിയ നടപടി - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്. ( No. Acd.A1/349/SSUS/2019)

റിപ്പോർട്ട് ശ്രദ്ധിച്ചു.

## Item No. 22

199-ാമത് സിൻഡിക്കേറ്റ് മിനുട്സിലെ മുഖ്യ അജണ്ട ഇനം. നമ്പർ 12 ലെ റിസർച്ച് അഡ്വൈസറി കമ്മിറ്റി എന്നതിന് പകരം ഡോക്ടറൽ കമ്മിറ്റി എന്ന് തിരുത്തൽ വരുത്തുന്നതിനെ - സംബന്ധിച്ച്. (No. Acd.A1/790/SSUS/2017)

10.05.2022 ലെ 199-ാമത് സിൻഡിക്കേറ്റ് മിനുട്സിലെ മുഖ്യ അജണ്ട ഇനം നമ്പർ 12 ലെ തീരുമാനത്തിൽ റിസർച്ച് അഡ്വൈസറി കമ്മിറ്റി എന്ന് രേഖപ്പെടുത്തിയതിനു പകരം ഡോക്ടറൽ കമ്മിറ്റി എന്ന് തിരുത്തൽ വരുത്തുന്നതിന് അനുമതി നൽകാൻതീരുമാനിച്ചു.

## Item No. 23

യു.ജി.സി യുടെ 17.05.2022 ലെ F.1-10/2021 (CPP-II) നമ്പർ പബ്ലിക് നോട്ടീസ് പ്രകാരം എം.ഫിൽ/പി.എച്ച്.ഡി ഗവേഷകർക്ക് 31.12.2022 വരെ പ്രബന്ധ സമർപ്പണ കാലയളവ് ദീർഘിപ്പിച്ചത് - സാധൂകരണം - സംബന്ധിച്ച്.
(No. Acd.A2/5695/SSUS/2020)

10.05.2022 ലെ 199-ാമത് സിൻഡിക്കേറ്റ് യോഗത്തിലെ ഔട്ട് ഓഫ് അജണ്ട ഐറ്റം നമ്പർ 3 ലെ എം.ഫിൽ / പി.എച്ച്.ഡി പ്രബന്ധ സമർപ്പണ തീയതി 31.12.2022 വരെയാക്കിയ യു.ജി.സി ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച തീരുമാനം, 199-ാമത് സിൻഡിക്കേറ്റ് യോഗം

കൂടിയതിനു ശേഷം 17.05.2022 ൽ മാത്രമാണ് യു.ജി.സി അപ്രകാരം ഉത്തരവായിട്ടുള്ളത് എന്നതിനാൽ, റദ്ദ് ചെയ്യാൻ തീരുമാനിച്ചു. പ്രസ്തുത യു.ജി.സി നിർദ്ദേശം സർവകലാശാലയിൽ നടപ്പിലാക്കാൻ ഉത്തരവ് പുറപ്പെടുവിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാനും തീരുമാനിച്ചു.

## Item No. 24

സെന്റർ ഫോർ മ്യൂസിയം സ്റ്റഡീസ് - അക്കാദമിക് കോ-ഓർഡിനേറ്റർ, പ്രോഗ്രാം കോ-ഓർഡിനേറ്റർ എന്നീ ചുമതലകൾ ചരിത്ര വിഭാഗം പ്രൊഫസർ ഡോ. എൻ.ജെ. ഫ്രാൻസിസിന് നൽകിയത് സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്. (No. Acd.B1/7038/SSUS/2020)

റിപ്പോർട്ട് ശ്രദ്ധിച്ചു.

## Item No. 25

സോഷ്യൽ വർക്ക് വിഭാഗത്തിലെ 4-ാം സെമസ്റ്റർ വിദ്യാർത്ഥികളുടെ Dissertation സമർപ്പിക്കുന്നതിനുള്ള തീയതി നീട്ടി നൽകുന്നത് - സംബന്ധിച്ച്.
[No. 4406/Acd.B1/SSUS/2021 (SF)]

റിപ്പോർട്ട് ശ്രദ്ധിച്ചു.

## Item No. 26

സർവകലാശാലയിൽ പബ്ലിക് അഡ്മിനിസ്ട്രേഷൻ എന്ന വിഷയത്തിൽ പ്രോഗ്രാമുകൾ ആരംഭിക്കുന്നത് - സംബന്ധിച്ച് . (No. Acd.B1/15641/SSUS/2021)

സർവകലാശാലയിൽ പബ്ലിക് അഡ്മിനിസ്ട്രേഷൻ എന്ന വിഷയത്തിൽ പ്രോഗ്രാമുകൾ Project Mode ൽ ആരംഭിക്കുന്നതിനായി ഗവൺമെന്റിനെ സമീപിക്കാൻ തീരുമാനിച്ചു.

## Item No. 27

കാലടി മുഖ്യകേന്ദ്രം 2018 അഡ്മിഷൻ എം.എ ഫിലോസഫി വിദ്യാർത്ഥികളായ ജോയ്സ് കുര്യനും അഭിജിത്ത് സദാനന്ദനും സെമസ്റ്റർ പരീക്ഷകൾ റീ-അപ്പിയർ ചെയ്യുവാൻ അനുവാദം നൽകിയത് സാധൂകരിക്കുന്നത് - സംബന്ധിച്ച്.
(No. 19537/Acd.B2/ 2021/SSUS)

കാലടി മുഖ്യകേന്ദ്രം 2018 അഡ്മിഷൻ എം.എ ഫിലോസഫി വിദ്യാർത്ഥികളായ ജോയ്സ് കുര്യനും അഭിജിത്ത് സദാനന്ദനും, റെഗുലേഷൻ പ്രകാരമുള്ള പരമാവധി പ്രോഗ്രാം കാലാവധി കഴിഞ്ഞതിനാലും നിലവിൽ സിലബസ് മാറിയിട്ടുള്ളതിനാലും താഴെ പറയുന്ന സെമസ്റ്റർ പരീക്ഷകൾ റീ അപ്പിയർ ചെയ്യാൻ അനുമതി നൽകിയ 07.05.2022 ലെ 19537/Acd.B2/2021/SSUS നമ്പർ ഉത്തരവ് സാധൂകരിക്കാൻ തീരുമാനിച്ചു.

| ക്രമ നമ്പർ | വിദ്യാർത്ഥി | റീ അപ്പിയർ ചെയ്യാൻ അനുമതി നൽകിയ പരീക്ഷ |
|---|---|---|
| 1 | ജോയ്സ് കുര്യൻ (18KA03PH10) | 3-ാം സെമസ്റ്ററിലെ PPHM2774 - Aesthetics Major Issues |
| 2 | അഭിജിത്ത് സദാനന്ദൻ (18KA03PH14) | 1. 3-ാം സെമസ്റ്ററിലെ PPHM2774 - Aesthetics Major Issues<br><br>2. 4-ാം സെമസ്റ്ററിലെ PPHS2759 – Continental Philosophy |

## Item No. 28

എം.എ മ്യൂസിയോളജി 2022 ബാച്ച് വിദ്യാർത്ഥികളുടെ 4-ാം സെമസ്റ്റർ ക്ലാസ്സുകൾ നവംബർ 2022 വരെ നീട്ടുന്നത് - സംബന്ധിച്ച്. (No. Acd.B1/4406/SSUS/2021)

എം.എ മ്യൂസിയോളജി പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ അഭ്യർത്ഥന പരിഗണിച്ച് എം.എ മ്യൂസിയോളജി 2022 ബാച്ച് വിദ്യാർത്ഥികളുടെ 4-ാം സെമസ്റ്റർ ക്ലാസ്സുകൾ നവംബർ 2022 വരെ നീട്ടാൻ തീരുമാനിച്ചു.

## Item No. 29

സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിൽ "മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ വിഭാഗത്തിൽപ്പെട്ട (Economically Weaker Section)" വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് 10 ശതമാനം സംവരണം ഏർപ്പെടുത്തിയ ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ടുള്ള സർക്കാർ ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കിയത് - സിൻഡിക്കേറ്റ് സാധൂകരണം സംബന്ധിച്ച്. [No. 2777/Acd.B2/2006/SSUS(SF)]

സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ "മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ വിഭാഗത്തിൽപ്പെട്ട (Economically Weaker Section)" വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് 10 ശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലെ മുന്നോക്ക വിഭാഗ ങ്ങളിലെ എന്ന പദം ഒഴിവാക്കി സംവരണാനുസൃതം പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിലോ മറ്റ് പിന്നോക്ക വിഭാഗങ്ങളിലോ ഉൾപ്പെടാത്തതും സാമ്പത്തിക മായി പിന്നോക്കം നിൽക്കുന്നതുമായ വിഭാഗം എന്ന് മാറ്റം വരുത്തി ഇറക്കിയ 07.05.2022 ലെ സ.ഉ.(കൈ) നം. 216/2022/H.Edn സർക്കാർ ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കിയ വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 30

2022 - 23 അധ്യയന വർഷത്തെ അക്കാദമിക് കലണ്ടർ - സംബന്ധിച്ച്. (No. Acd.C1/8866/SSUS/2022)

അക്കാദമിക് കലണ്ടർ കമ്മറ്റി കൺവീനറായ ഡോ. ബിജു വിൻസന്റ് സമർപ്പിച്ച 2022-23 അധ്യയന വർഷത്തെ അക്കാദമിക് കലണ്ടർ അംഗീകരിച്ച് ഇത് സർവകലാശാലയിൽ നടപ്പിലാക്കുന്നതിന് അനുമതി നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 31

2021-22 അധ്യയന വർഷത്തിൽ കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിൽ സിൻഡിക്കേറ്റ് അംഗീകരിച്ച പ്രകാരം നടത്തുന്നതിന് നിശ്ചയിച്ചിരുന്ന ADEP പ്രോഗ്രാമായ മേഘദൂതത്തിന്റെ (പൂർവ്വമേഘം) ഒരു ദൃശ്യ സംഗീതാവിഷ്ക്കാരം 2022-23 വർഷത്തിൽ നടത്തുന്നതിന് അനുമതി നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്.
(No. Acd.C1/4580/SSUS/2022)

2021-22 സാമ്പത്തിക വർഷത്തിൽ കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിൽ നടത്തുന്നതിന് നിശ്ചയിച്ചിരുന്ന ADEP പ്രോഗ്രാമായ മേഘദൂതത്തിന്റെ (പൂർവ്വമേഘം) ഒരു ദൃശ്യ സംഗീതാവിഷ്ക്കാരം 2022 മെയ് 9 മുതൽ നടത്തുന്നതിന് അനുമതി നൽകുകയും പ്രസ്തുത പ്രോഗ്രാമിനായി അംഗീകരിച്ച തുകയായ 1,15,000/- രൂപയുടെ 75% തുകയായ 86,250/- രൂപ മുൻകൂറായി കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിലെ സംസ്കൃത സാഹിത്യ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീ. ടി. നാരായണന് അനുവദിക്കുകയും ചെയ്ത ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 32

2021-2022 അധ്യയന വർഷത്തിൽ ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിലെ മലയാള വിഭാഗത്തിൽ നടത്തുന്നതിന് സിൻഡിക്കേറ്റ് അംഗീകരിച്ച ദേശീയ സെമിനാർ 2022-23 അധ്യയന വർഷത്തിൽ നടത്തുന്നതിന് അനുമതി നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്.
(No.Acd.C1/4148/SSUS/2022)

2021-2022 അധ്യയന വർഷത്തിൽ ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിലെ മലയാള വിഭാഗത്തിൽ നടത്തുന്നതിന് സിൻഡിക്കേറ്റ് അംഗീകരിച്ച "മലയാള

സ്ത്രീയുടെ കാവ്യ ജീവിതം ചരിത്രവും ഭാവനയും" എന്ന വിഷയത്തിൽ ദേശീയ സെമിനാർ 2022-23 അധ്യയന വർഷത്തിൽ ഏപ്രിൽ 4 മുതൽ 8 വരെയുള്ള തീയതികളിൽ നടത്തുന്നതിന് അനുമതി നൽകുകയും പ്രസ്തുത പ്രോഗ്രാമിനായി അംഗീകരിച്ച തുകയായ 75,000/- രൂപയുടെ 75% തുകയായ 56,250/- രൂപ മുൻകൂറായി ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രം മലയാള വിഭാഗം പ്രൊഫസർ ഡോ. ഷാജി ജേക്കബിന് അനുവദിക്കുകയും ചെയ്ത ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 33

കാലടി മുഖ്യകേന്ദ്രം മലയാള വിഭാഗത്തിൽ നെല്ലിക്കൽ മുരളീധരൻ സ്മാരക പ്രഭാഷണം നടത്തിയത് -സാധൂകരണം-സംബന്ധിച്ച്. (No.Acd.C1/1174/SSUS/2022)

സംസ്കൃത സർവകലാശാലയിലെ മലയാള വിഭാഗം മുൻ വകുപ്പദ്ധ്യക്ഷനും പ്രശസ്ത കവിയുമായിരുന്ന ഡോ. നെല്ലിക്കൽ മുരളീധരന്റെ അനുസ്മരണാർത്ഥം കാലടി മുഖ്യ കേന്ദ്രം മലയാളം വിഭാഗത്തിൽ 2022 മാർച്ച് 7-ാം തീയതി പ്രശസ്ത കവി ശ്രീ. പി. രാമന്റെ നേതൃത്വത്തിൽ സ്മാരക പ്രഭാഷണം നടത്തുന്നതിന് മലയാള വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. നിനിത ആർ - ന് അനുമതിയും പ്രസ്തുത പ്രോഗ്രാമിന്റെ ചെലവിലേക്കായി 15,000/- രൂപയുടെ എസ്റ്റിമേറ്റും അംഗീകരിച്ച് മുൻകൂറായി 11,250/- രൂപ അനുവദിക്കുകയും ചെയ്ത ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 34

കാലടി മുഖ്യകേന്ദ്രം ഹിന്ദി വിഭാഗം-Distinguished Lecture Programme നടത്തിയത് - സാധൂകരണം - സംബന്ധിച്ച്. (No. Acd.C1/10449/SSUS/2022)

2022 ജൂലൈ 26-ാം തീയതി കാലടി മുഖ്യകേന്ദ്രം ഹിന്ദി വിഭാഗത്തിൽ Distinguished Lecture Programme പരിപാടിയിൽ ഉൾപ്പെടുത്തി പ്രശസ്ത ദളിത്

സാഹിത്യകാരനായ ഡോ. ശരൺകുമാർ ലിംബാലെയുടെ നേതൃത്വത്തിൽ "Dalit Identity: Past and Present" എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുന്നതിനായി ഹിന്ദി വിഭാഗം വകുപ്പ് മേധാവി ഡോ. കെ. ശ്രീലതയ്ക്ക് അനുമതി നൽകുകയും പ്രസ്തുത പ്രോഗ്രാമിനായി 40,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് മുൻകൂറായി 30,000/- രൂപ അനുവദിക്കുകയും ചെയ്ത ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 35

കാലടി മുഖ്യകേന്ദ്രം ഹിസ്റ്ററി വിഭാഗത്തിൽ ദേശീയ കോൺഫറൻസ് നടത്തിയത് - സാധൂകരണം- സംബന്ധിച്ച്. (No. Acd.C1/8895/SSUS/2022)

2022 ജൂലൈ 22, 23, 25 തീയതികളിൽ കാലടി മുഖ്യകേന്ദ്രം ഹിസ്റ്ററി വിഭാഗത്തിൽ " Writing the Past : Young Researchers National Conference" എന്ന വിഷയത്തിൽ ദേശീയ കോൺഫറൻസ് നടത്തുന്നതിനായി ഹിസ്റ്ററി വിഭാഗം വകുപ്പ് മേധാവി ഡോ. ഷീബ കെ.എം. ന് അനുമതി നൽകുകയും പ്രസ്തുത പ്രോഗ്രാമിന്റെ ചെലവ് 75,000/- രൂപയിൽ പരിമിതപ്പെടുത്തണമെന്ന നിർദ്ദേശത്തോടെ 50,000/- രൂപ മുൻകൂറായി അനുവദിക്കുകയും ചെയ്ത ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 36

സംസ്കൃത പഠന പ്രോത്സാഹനത്തിന് വേണ്ടിയുള്ള ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല സ്കോളർഷിപ്പ് 2021-അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർ ഷിപ്പ് അനുവദിക്കുന്നത് - സംബന്ധിച്ച്. (No. Acd.C2/14148/SSUS/2021)

സംസ്കൃത പഠന പ്രോത്സാഹനത്തിന് നൽകുന്ന ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല സ്കോളർഷിപ്പിനു വേണ്ടി 2021-22 അധ്യയന വർഷത്തിൽ ലഭിച്ച അപേക്ഷകളിൽ നിന്നും അർഹരായ 339 ബിരുദ വിദ്യാർത്ഥികൾക്ക് ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല സ്കോളർഷിപ്പ് അനുവദിച്ച ഉത്തരവ്

അംഗീകരിക്കാൻ തീരുമാനിച്ചു. കൂടാതെ 2021 ൽ പ്രവേശനം ലഭിച്ച ടി വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിനായുള്ള അപേക്ഷ കോവിഡ് സാഹചര്യം മൂലം വൈകിയതിനാൽ പ്രസ്തുത സ്കോളർഷിപ്പ് തുക 2022-23 സാമ്പത്തിക വർഷത്തിലെ 2502-01 എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും അനുവദിക്കാനും തീരുമാനിച്ചു. ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല സ്കോളർഷിപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിക്കുന്നതിന് അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

## Item No. 37

പി.ജി ഡിപ്ലോമ പ്രോഗ്രാമിന് Authentication Fee ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്. (No. Acd.C2/13459/SSUS/2022)

പി.ജി ഡിപ്ലോമ പ്രോഗ്രാമിന് Authentication Fee ആയി (5% സേവന നിരക്ക് ഉൾപ്പെടെ) 250/- രൂപ നിലവിലെ ഫീസ് ഘടനയിൽ ഉൾപ്പെടുത്താൻ അനുമതി നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 38

മലയാള വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. കവിത രാമന്റെ മുൻ സേവന കാലയളവിലെ ശമ്പളം, ഈ സർവകലാശാലയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ സംരക്ഷിച്ചു ലഭിക്കുന്നതിനുള്ള അപേക്ഷ – സംബന്ധിച്ച്.
(No. Ad.A1/4112/SSUS/2012)

മലയാള വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. കവിത രാമന്റെ മുൻ സേവന കാലയളവിലെ ശമ്പളം, സംസ്കൃത സർവകലാശാലയിൽ ജോലിയിൽ പ്രവേശിച്ച തീയതിയായ 01.10.2015 മുതൽ സംരക്ഷിച്ചു നൽകുന്നതിന് തീരുമാനിച്ചു. കൂടാതെ ഡോ. സത്യൻ എം, ഡോ. പുഷ്പദാസൻ കുനിയിൽ എന്നീ അധ്യാപകർക്കും സംസ്കൃത സർവകലാശാല സേവനത്തിൽ പ്രവേശിച്ച തീയതി മുതൽ ശമ്പളം സംരക്ഷിച്ചു നൽകാൻ തീരുമാനിച്ചു.

## Item No. 39

അദ്ധ്യാപകരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ-IQAC നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് - സംബന്ധിച്ച്. (No. Ad.A1/1645/SSUS/2021)

IQAC തയ്യാറാക്കി സമർപ്പിച്ച അദ്ധ്യാപകരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങളും അക്കാദമിക് റിപ്പോർട്ടിന്റെ മാതൃകയും (അനുബന്ധം II) അംഗീകരിക്കാൻ തീരുമാനിച്ചു. കൂടാതെ Confirmation of Service എന്ന തലക്കെട്ടിൽ രണ്ടാമത്തെ പോയിന്റിൽ Head of the Department എന്നതിനു ശേഷം Campus Director in the case of teachers working in Regional Centres എന്ന് കൂട്ടിച്ചേർക്കാനും തീരുമാനിച്ചു.

## Item No. 40

സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ശ്രീ. രഞ്ജിൽ സി രാജ് ന് 08.06.2022 മുതൽ 07.06.2027 വരെ ശൂന്യവേതനാവധി അനുവദിച്ചത് - സിൻഡിക്കേറ്റിന്റെ സാധൂകരണം ലഭ്യമാക്കുന്നത് - സംബന്ധിച്ച്. (No. Ad.B/88/SSUS/2022)

സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ശ്രീ. രഞ്ജിൽ സി രാജ് ന് 08.06.2022 മുതൽ 07.06.2027 വരെയുള്ള അഞ്ച് വർഷത്തേക്ക് KSR ഭാഗം I അനുബന്ധം XII A, XIIC പ്രകാരമുള്ള ശൂന്യവേതനാവധി അനുവദിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി അംഗീകരിച്ച് സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 41

സർവകലാശാലയിൽ അനുവദിച്ച് നൽകിയിട്ടുള്ള സീനിയർ പബ്ലിക്കേഷൻ ഓഫീസർ എന്ന തസ്തിക ഡയറക്ടർ ഓഫ് പബ്ലിക്കേഷൻ ആന്റ് ഡോക്യുമെന്റേഷൻ എന്നാക്കി പരിവർത്തനം ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ നിരാകരിച്ചത് - സംബന്ധിച്ച്. (No. 887/Ad.B/SSUS/2018)

ശ്രദ്ധിച്ചു.

## Item No. 42

വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറിക്കുള്ള ഇംപ്രസ്റ്റ് ഫണ്ട് 25,000/- രൂപയായി ഉയർത്തിയത് റിപ്പോർട്ട് ചെയ്യുന്നതു - സംബന്ധിച്ച്.
(No. Ad.B/15359/SSUS/2017 (SF))

ശ്രദ്ധിച്ചു.

## Item No. 43

അനദ്ധ്യാപക ജീവനക്കാർക്കായി പണികഴിപ്പിച്ച ക്വാർട്ടേഴ്സിലെ 101 B(Type II) ക്വാർടേഴ്സിൽ തുടരുവാൻ ശ്രീ. ജോബിഷ് മാത്യുവിനെ അനുവദിക്കുന്ന വിഷയ ത്തിൽ തീരുമാനമാകുന്നതു - സംബന്ധിച്ച്.(No. Ad.B/8289/SSUS/2019 (Vol II)

അനദ്ധ്യാപക ജീവനക്കാർക്കായി പണികഴിപ്പിച്ച ക്വാർട്ടേഴ്സുമായി ബന്ധപ്പെട്ട കേസിൽ ബഹു. ഹൈക്കോടതിയുടെ തീർപ്പ് കല്പിക്കും വരെ ശ്രീ. ജോബിഷ് മാത്യുവിന് ക്വാർടേഴ്സിൽ തുടരുവാൻ അനുമതി നൽകാൻ തീരുമാനിച്ചു.

## Item No. 44

സർവകലാശാല ജീവനക്കാർക്ക് അനുവദിച്ച XI-ാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട സർക്കാരിന്റെ പ്രത്യേക ഉത്തരവ് നടപ്പിലാക്കിയത് റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച്. (No. Ad.B2/3439/SSUS/2020)

റിപ്പോർട്ട് ശ്രദ്ധിച്ചു.

## Item No. 45

തിരൂർ പ്രാദേശിക കേന്ദ്രത്തിലെ വനിതാ ഹോസ്റ്റലിലേക്ക് താൽക്കാലികമായി കുക്കിന്റേയും മേട്രന്റേയും തസ്തിക സൃഷ്ടിക്കുന്നത് - സർക്കാരിനോട് ആവശ്യ പ്പെടുന്നത് - സംബന്ധിച്ച്. (No. Ad.C/14734/SSUS/2019)

തിരൂർ പ്രാദേശിക കേന്ദ്രത്തിലെ വനിതാ ഹോസ്റ്റലിലേക്ക് ഒരു കുക്കിന്റേയും ഒരു മേട്രന്റേയും തസ്തിക താത്ക്കാലികമായി സൃഷ്ടിക്കുന്നതിന് സർക്കാരിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

## Item No. 46

കൊയിലാണ്ടി കോട്ടക്കുന്നിൽ ഫൈൻ ആർട്സ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി 18/12/2021 ൽ നടന്ന യോഗ തീരുമാനങ്ങൾ സിൻഡിക്കേറ്റ് സാധൂകരണത്തിനായി സമർപ്പിക്കുന്നത് - സംബന്ധിച്ച്. (No. Pl.D/8383/SSUS/2021)

സംസ്കൃത സർവകലാശാലയുടെ അധീനതയിലുള്ള കൊയിലാണ്ടി കോട്ടക്കുന്ന് മലയിലെ സ്ഥലത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടത്താവുന്ന വികസനത്തെ കുറിച്ച് ആലോചിക്കുന്നതിന് വേണ്ടി കൊയിലാണ്ടി എം.എൽ.എ ശ്രീമതി. കാനത്തിൽ ജമീല വിളിച്ചു ചേർത്ത 2021 ഡിസംബർ 18 ന് നടന്ന യോഗത്തിന്റെ നടപടി ചുരുക്കം അംഗീകരിക്കാനും യോഗ നിർദ്ദേശപ്രകാരമുള്ള വികസന സമിതി താഴെ പറയുന്ന രീതിയിൽ രൂപീകരിക്കാനും ഉത്തരവു പുറപ്പെടുവിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാനും തീരുമാനിച്ചു.

**ഭാരവാഹികൾ**

I. **രക്ഷാധികാരികൾ**

1. ശ്രീ. കെ. മുരളീധരൻ, എം.പി
2. ശ്രീമതി. കാനത്തിൽ ജമീല, കൊയിലാണ്ടി എം.എൽ.എ
3. ശ്രീമതി. സുധ കിഴക്കേപ്പാട്ട്, കൊയിലാണ്ടി മുൻസിപ്പൽ വൈസ് ചെയർപേഴ്സൺ
4. ശ്രീ. ടി.പി. രാമകൃഷ്ണൻ, പേരാമ്പ്ര എം.എൽ.എ
5. ശ്രീ. ദാസൻ, കൊയിലാണ്ടി മുൻ എം.എൽ.എ

II. **ചെയർമാൻ** - അഡ്വ. കെ. സത്യൻ, മുൻസിപ്പൽ വൈസ് ചെയർമാൻ

III. **വൈസ് ചെയർമാൻമാർ**

1. ശ്രീമതി. നിർമ്മല ടീച്ചർ, കീഴരിയൂർ പഞ്ചായത്ത് പ്രസിഡന്റ്
2. പ്രൊഫ. തോമസ് കെ ജോബ്, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല സിൻഡിക്കേറ്റ് മെമ്പർ

IV. **കൺവീനർ**

ഡോ. പുഷ്പദാസൻ കുനിയിൽ, ഡയറക്ടർ,
കൊയിലാണ്ടി പ്രാദേശിക കേന്ദ്രം

V. **ജോയിന്റ് കൺവീനർ**

ശ്രീ. പ്രേമൻ തറവട്ടത്ത്, അസിസ്റ്റന്റ് രജിസ്ട്രാർ,
ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല

VI. **ട്രഷറർ**

ശ്രീ. ഇ.കെ. അജിത്ത് മാസ്റ്റർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ,
കൊയിലാണ്ടി മുനിസിപ്പാലിറ്റി

VII. **അംഗങ്ങൾ**

എല്ലാ രാഷ്ട്രീയ പാർട്ടി പ്രതിനിധികളും സർവകലാശാല കൊയിലാണ്ടി ക്യാമ്പസിലെ അധ്യാപകരും ജീവനക്കാരും.

## **Item No. 47**

ഫൈൻ ആർട്സ് കോംപ്ലക്സ് രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തിയുടെ പന്ത്രണ്ടാമത്തേതും അന്തിമവുമായ ബില്ലിനെ മുൻനിർത്തി കരാറുകാരായ റോയൽ കൺസ്ട്രക്ഷൻസിനുവേണ്ടി പവർ ഓഫ് അറ്റോർണിയുള്ള ഫെഡറൽ ബാങ്ക്, തോട്ടക്കാട്ടുകര ശാഖയ്ക്ക് മുൻകൂർ തുക അനുവദിച്ച വിവരം റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്. (No. Eng./9107/SSUS/2013)

റിപ്പോർട്ട് ശ്രദ്ധിച്ചു.

## Item No. 48

തിരൂർ പ്രാദേശിക കേന്ദ്രം - ലേഡീസ് ഹോസ്റ്റൽ നിർമ്മാണം - ഇലക്ട്രിക്കൽ പ്രവൃത്തികളുടെ അധിക പ്രവൃത്തികൾക്ക് അംഗീകാരം നൽകിയത് സാധൂകരിക്കുന്നത് - സംബന്ധിച്ച്. (No. Eng./ 9274/SSUS/2019)

തിരൂർ പ്രാദേശിക കേന്ദ്രം - ലേഡീസ് ഹോസ്റ്റൽ നിർമ്മാണം - ഇലക്ട്രിക്കൽ പ്രവൃത്തികളുടെ അധിക പ്രവൃത്തികൾക്കായി അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തയ്യാറാക്കി സമർപ്പിച്ച 4,40,528/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് അധിക പ്രവൃത്തികൾ നിലവിലെ കരാറുകാരനായ ശ്രീ. അൻസാരി കുണ്ടിൽ എന്ന കരാറുകാരന് ദർഘാസ് കിഴിവായ 13.4% കുറവ് നിരക്കായ 3,81,497/- രൂപയുടെ ഉടമ്പടി തുകയ്ക്ക് ഏൽപ്പിച്ച് നൽകാൻ ഉത്തരവായ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 49

സർവകലാശാലയിലെ സ്റ്റാഫ് ക്വാർട്ടേഴ്സ് രണ്ടാം ഘട്ട നിർമ്മാണം പ്രവൃത്തിയ്ക്ക് വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭ്യമാക്കുന്നത് - സംബന്ധിച്ച്.
(No. Eng./12698/SSUS/2021)

റിപ്പോർട്ട് ശ്രദ്ധിച്ചു.

## Item No. 50

WP(C) 30224/21 by Dr. Minimol C.D – Interim orders permitting relaxation in upper age limit and participation in selection process – reg. (No. LGLS / 18751 / SSUS / 21)

Noted the report.

**Item No. 51**

Payment of balance Advocate fee for senior Advocate Sri. Gopalakrishna Kurup on dismissal of WP(C) 28797/2020 and WP(C) 1087/21 – and fixing remuneration for appearing in WA 411/22-Ratification – reg.
(No. LGLS / 13453 / SSUS / 19(II))

The Syndicate resolved to ratify the action taken by the Vice Chancellor in having approve:-

1. The Fee structure of total Rs. 4,00,000/-, @ 1,00,000/- in 4 cases i.e WP(C)1087/21, WP(C)24765/19, WP(C)28797/20 and WP(C)24642/20, vide U.O.No. LGLS/13453/SSUS/19, dated 22.03.2021 and effecting.

2. Payment of balance advocate fee in WP(C)1087/21 and WP(C)28797/20 amounting to Rs. 1,00,000/- only (@50,000/- per case) vide U.O.No. LGLS/13453/SSUS/19, dated 30.04.2022.

3. Engaging Sri. Gopalakrishna Kurup, Senior Advocate for appearing in WA 411/22 by fixing a consolidated fee of Rs. 1,00,000/- vide U.O.No. LGLS/13453/SSUS/19, dated 23.05.2022.

**Item No. 52**

Judgment dated 27.10.2021 in Civil Appeal Nos. 9067 and 9068 of 2014 of Hon’ble Supreme Court of India – Contempt Notice received – reg. (No. LGLS/5630/22/SSUS)

Noted the report.

## Item No. 53

പെൻഷൻ ഫണ്ടിനത്തിലെ സ്ഥിരനിക്ഷേപ പലിശ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി വിനിയോഗിച്ചത് - സാധൂകരണം - സംബന്ധിച്ച്.

(നം. ഫിൻ / 3302 / നിക്ഷേപങ്ങൾ / 2017/എസ്.എസ്.യു.എസ്)

കാലാവധി പൂർത്തിയാക്കിയ പെൻഷൻ ഫണ്ട് ഇനത്തിലുള്ള മൂന്ന് സ്ഥിര നിക്ഷേപങ്ങളുടെ പലിശ തുകയായ 37,32,537/- രൂപ സർവകലാശാലയിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി വിനിയോഗിക്കുന്നതിനും പ്രസ്തുത തുക TSB262 ൽ നിന്നും മാറ്റുന്നതിനും അനുമതി നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 54

മെഡിസെപ് പദ്ധതി നടപ്പിലാക്കൽ - നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റിൽ പുതിയ ശീർഷകം ഉൾപ്പെടുത്തുന്നത് - സാധൂകരണം - സംബന്ധിച്ച്.

(No. 17355 / Fin & Accts / SSUS / 2021)

സർവകലാശാലയിൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജീവനക്കാർ / പെൻഷൻകാരിൽ നിന്നും പ്രതിമാസ ശമ്പളം / പെൻഷനിൽ നിന്നും കുറവ് ചെയ്ത് സർക്കാരിലേക്ക് അടയ്ക്കുന്ന തുകയുടെ വരവ് / ചെലവ് വകയിരുത്തുന്നതിനായി അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ Debt & Deposit വിഭാഗത്തിൽ താഴെ പറയും പ്രകാരം പുതിയ ശീർഷകങ്ങൾ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

DD 12 (U) Medisep
DD 12 (U) 1. Employees (Rs. 28,00,000/-)
DD 12 (U) 2. Pensioners (Rs. 10,00,000/-)

## Item No. 55

സംസ്കൃതസർവകലാശാല സഹകരണസംഘത്തിൽ സർവകലാശാലയുടെ സ്ഥിര നിക്ഷേപം പുതുക്കുന്നത്-സംബന്ധിച്ച്. (നം.ഫിൻ/ 3533/സഹകരണസംഘം / 2020 / SSUS)

സംസ്കൃത സർവകലാശാല സഹകരണ സംഘത്തിൽ സർവകലാശാല നിക്ഷേപിച്ചിരുന്ന 50 ലക്ഷം രൂപയുടെ നിക്ഷേപത്തിൽ നിന്നും നിക്ഷേപ തുകയുടെ പകുതി ഭാഗവും പലിശ തുകയും പിൻവലിച്ച് സർവകലാശാലയുടെ ദൈനംദിന ചെലവുകൾക്ക് ഉപയോഗിക്കുന്നതിനും ബാക്കി തുക സ്ഥിര നിക്ഷേപമാക്കി തുടരുന്നതിനും സിൻഡിക്കേറ്റ് തീരുമാനിച്ചു.

## Item No. 56

സർവകലാശാലയിലെ ഫിനാൻസ് ഓഫീസറായ ശ്രീ. സുനിൽ കുമാർ എസിന് ദേശീയ പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകുന്നത് - സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 193-ാമത് സിൻഡിക്കേറ്റ് തീരുമാനം പുന:പരിശോധിക്കുന്നത് -സംബന്ധിച്ച്.(No. Ad.D/13012/NPS/SSUS/2021)

സർവകലാശാലയിലെ ഫിനാൻസ് ഓഫീസറായ ശ്രീ. സുനിൽ കുമാർ എസിന് ദേശീയ പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകാൻ കഴിയില്ലായെന്ന് സർക്കാർ സ്പഷ്ടീകരണം നൽകിയ സാഹചര്യത്തിൽ ടിയാൾക്ക് ദേശീയ പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകിയ 193-ാമത് സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സിലെ ഇനം നമ്പർ 48 ലെ തീരുമാനം റദ്ദ് ചെയ്യാൻ തീരുമാനിച്ചു.

# ADDITIONAL AGENDA

## Item No. 1

പ്രോ വൈസ് ചാൻസലറുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിശ്ചയിക്കുന്നത് - സംബന്ധിച്ച്. [No. Ad.B/9434/SSUS/2022(1)]

സർവകലാശാലയുടെ പ്രോ വൈസ് ചാൻസലറായി നിയമിതയായ ഡോ. കെ. മുത്തുലക്ഷ്മിയുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും താഴെ പറയും പ്രകാരം അംഗീകരിക്കാൻ തീരുമാനിച്ചു.

1. സർവകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരം പ്രോ വൈസ് ചാൻസലറിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകളും ഉത്തരവാദിത്തങ്ങളും.
2. 03.06.2017 ലെ 160-ാമത് സിൻഡിക്കേറ്റ് അംഗീകരിച്ച 15.12.2016 ലെ അക്കാദമിക് കൗൺസിലിന്റെ 43-ാമത് യോഗത്തിന്റെ അജണ്ട നമ്പർ 10 ലെ തീരുമാനപ്രകാരമുള്ള വിവിധ അക്കാദമിക് പ്രോഗ്രാമിലേക്കുള്ള പ്രവേശനത്തിന്റെ ചുമതല.
3. ബഹു. വൈസ് ചാൻസലർ നിർദ്ദേശിച്ച മറ്റു ചുമതലകൾ :
   - അക്കാദമിക്, പരീക്ഷാ വിഭാഗങ്ങളുടെ പൊതു ചുമതല.
   - അക്കാദമിക്, പരീക്ഷാ വിഭാഗത്തിലെ സാമ്പത്തിക ബാധ്യതയുള്ള ഫയലുകൾ ഫിനാൻസ് ഓഫീസർ, രജിസ്ട്രാർ, പ്രോ വൈസ് ചാൻസലർ വഴി വൈസ് ചാൻസലർക്ക് സമർപ്പിക്കേണ്ടതാണ്. സാമ്പത്തിക ബാധ്യതയില്ലാത്ത ഫയലുകൾ ഡെപ്യൂട്ടി രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ വഴി നേരിട്ട് പ്രോ വൈസ് ചാൻസലർക്ക് സമർപ്പിക്കേണ്ടതാണ്. സ്റ്റാറ്റ്യൂട്ടറിയായി വൈസ് ചാൻസലർ തീർപ്പുകൽപ്പിക്കേണ്ടതായിട്ടുള്ള ഫയലുകൾ പ്രോ വൈസ് ചാൻസലർ മുഖന വൈസ് ചാൻസലർക്ക് സമർപ്പിക്കേണ്ടതാണ്. ആവശ്യമെന്ന് തോന്നുന്ന പക്ഷം പ്രോ വൈസ്

ചാൻസലർക്ക് ഏത് ഫയലും ബഹു. വൈസ് ചാൻസലർക്ക് സമർപ്പിക്കാവുന്നതാണ്.

- Research & Development Cell ന്റെ ഉത്തരവാദിത്തം.

മലയാള വിഭാഗം പ്രൊഫസർ ഡോ. ബിച്ചു എക്സ് മലയിലിന് പ്രൊഫസർ ഇൻ ചാർജ്ജ് ഓഫ് എക്സാമിനേഷന്റെ ചുമതല നൽകാനും തീരുമാനിച്ചു.

## Item No. 2

സർവകലാശാല പ്രോ-വൈസ് ചാൻസലറായ പ്രൊഫ. (ഡോ.) കെ. മുത്തുലക്ഷ്മിയുടെ വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നത് - സംബന്ധിച്ച്.

[No. Ad.B/9434/SSUS/ 2022(2)]

ഡോ. കെ. മുത്തുലക്ഷ്മിയെ സർവകലാശാല പ്രോ-വൈസ് ചാൻസലറായി നിയമിച്ചത് സർവകലാശാല സിൻഡിക്കേറ്റ് ആയതിനാലും ടിയാളുടെ വേതന വ്യവസ്ഥകൾ നിർണ്ണയിച്ച് നൽകിയിട്ടില്ലാത്തതിനാലും 2018 യു.ജി.സി മാനദണ്ഡങ്ങൾക്കും മുൻ പ്രോ-വൈസ് ചാൻസലറായ ഡോ. കെ.എസ് രവികുമാറിന്റെ വേതന വ്യവസ്ഥകൾ പരിഗണിച്ചും പ്രൊഫ.(ഡോ) കെ. മുത്തുലക്ഷ്മി-യുടെ സേവന വേതന വ്യവസ്ഥകൾ താഴെ പറയും പ്രകാരം അംഗീകരിക്കാൻ തീരുമാനിച്ചു.

1. പ്രോ-വൈസ് ചാൻസലറുടെ ശമ്പളം അക്കാദമിക് ലെവൽ 14 ൽ 1,77,400/- രൂപയായി നിശ്ചയിക്കുക. 29.06.2019 ലെ 18/2019/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 9000/- രൂപ സ്പെഷ്യൽ അലവൻസ് നൽകുക.
2. കേരള പൊതുമരാമത്ത് വകുപ്പ് അംഗീകരിച്ച വാടക നിരക്കിലുള്ള സജ്ജീകരിച്ച ക്വാർട്ടേഴ്സ് സൗജന്യമായി നൽകുക അല്ലെങ്കിൽ അടിസ്ഥാന ശമ്പളത്തിന്റെ 10 ശതമാനത്തിന് തുല്യമായ തുക വീട്ടുവാടക ഇനത്തിൽ നൽകുക.

3. സർവ്വകലാശാല നിയമങ്ങൾക്ക് വിധേയമായി സർവ്വകലാശാലയുടെ കാർ ഉപയോഗിക്കാവുന്നതാണ്.

4. സർവ്വകലാശാല നിയമങ്ങൾക്കനുസൃതമായി പ്രോ-വൈസ് ചാൻസലർക്കും ആശ്രിത കുടുംബാംഗങ്ങൾക്കും ചികിത്സാ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

5. സർവ്വകലാശാല/സർക്കാർ നിയമങ്ങൾക്കനുസൃതമായി പതിനൊന്ന് ദിവസത്തിന് ഒരവധി എന്ന നിരക്കിൽ ആർജ്ജിത അവധി നേടുന്നതിനും അർഹമായ പരിധിക്കുള്ളിൽ ടി അവധി സറണ്ടർ ചെയ്യുന്നതിനും അർഹതയുണ്ട്.

6. പ്രോ-വൈസ് ചാൻസലറായി ചുമതലയേറ്റെടുക്കുമ്പോഴും പദവിയിൽ നിന്നും ഒഴിയുമ്പോഴും കുടുംബസമേതമുള്ള യാത്രാബത്തയ്ക്ക് അർഹതയുണ്ട്.

7. സർവ്വകലാശാല നിയമങ്ങൾക്കനുസൃതമായി ഔദ്യോഗികാവശ്യത്തിനായി ഭരണസിരാകേന്ദ്രത്തിൽ നിന്നും 8 കിലോമീറ്ററിനപ്പുറത്തേയ്ക്ക് യാത്ര ചെയ്യുന്നതിനായി സർവ്വകലാശാലയുടെ വാഹനം ഉപയോഗിക്കുന്നതിനും യാത്രാ /ദിന ബത്തകൾക്കും അർഹതയുണ്ട്.

8. കേരള സർവ്വീസ് ചട്ടങ്ങളിലെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തിക്കൊണ്ട് യാത്രാ സമയത്ത് യഥാർത്ഥ താമസച്ചിലവിന് അർഹതയുണ്ടായിരിക്കുന്നതാണ്.

9. നിലവിലുള്ള പ്രൊവിഡന്റ് ഫണ്ടിൽ തുടരാവുന്നതോ അല്ലെങ്കിൽ നിർബന്ധപൂർവ്വമല്ലാത്ത പി.എഫ് അക്കൗണ്ടിൽ ചേരാവുന്നതോ ആണ്.

10. മറ്റ് എല്ലാ കാര്യങ്ങൾക്കും സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിലും കേരള സർവ്വീസ് ചട്ടങ്ങളിലും ഉള്ള വ്യവസ്ഥകൾ ബാധകമാണ്.

ഡോ. കെ. മുത്തുലക്ഷ്മിയുടെ മേൽ സൂചിപ്പിച്ച പ്രകാരമുള്ള വേതന വ്യവസ്ഥകൾ അംഗീകരിക്കാൻ സർക്കാരിലേക്ക് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**Item No. 3**
മലയാളം ഗവേഷണ പഠന വകുപ്പിലെ ഇന്റഗ്രേറ്റഡ് എം.ഫിൽ/പി.എച്ച്.ഡി 27.06.2008 രജിസ്ട്രേഷൻ ഗവേഷകയായ സ്മിത കെ.പി. യുടെ 27.06.2014 മുതൽ 31.12.2018 വരെയുള്ള ഗവേഷണ കാലയളവ് സിൻഡിക്കേറ്റ് തീരുമാന പ്രകാരം ഉത്തരവായത് റദ്ദാക്കുന്നത് - സംബന്ധിച്ച്. (No. Acd.A1/6835/SSUS/2008)

മലയാളം ഗവേഷണ പഠന വകുപ്പിലെ ഇന്റഗ്രേറ്റഡ് എം.ഫിൽ/പി.എച്ച്.ഡി 27.06.2008 രജിസ്ട്രേഷൻ ഗവേഷകയായ സ്മിത കെ.പി. യ്ക്ക് 176-ാമത് സിൻഡിക്കേറ്റ് മുഖ്യ അജണ്ട ഇനം 48 ലെ തീരുമാനപ്രകാരം 01.01.2019 മുതൽ 30.06.2019 വരെ ഗവേഷണ കാലയളവ് ദീർഘിപ്പിച്ച് നൽകിയിരുന്നു. എന്നാൽ ടി ഗവേഷകയുടെ 27.06.2014 മുതൽ 31.12.2018 വരെയുള്ള ഗവേഷണ കാലാവധി ദീർഘിപ്പിക്കാൻ അനുമതി നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ, 01.01.2019 മുതൽ 30.06.2019 വരെ ഗവേഷണ കാലയളവ് ദീർഘിപ്പിച്ച് നൽകിയത് ക്രമപ്രകാരമല്ലാത്തതിനാൽ ടി സിൻഡിക്കേറ്റ് തീരുമാനം റദ്ദ് ചെയ്യുന്നതിന് തീരുമാനിച്ചു.

**Item No. 4**
UGC യുടെ Innovative Programme ൽ ഉൾപ്പെടുത്തി Computer Aided Language Teaching എന്ന പി.ജി ഡിപ്ലോമ കോഴ്സ് നടത്തുന്നതിനായി ലഭിച്ച 19,20,000/- രൂപ വിനിയോഗിക്കാത്തത് - സംബന്ധിച്ച്.

(No. 14051/Pl.D/A/SSUS/2010)

12.08.2022 ലെ അക്കാദമിക് & റിസർച്ച് സമിതിയുടെ ശിപാർശ പരിഗണിച്ച് പതിനൊന്നാം പദ്ധതിക്കാലത്ത് PG Diploma in Computer Aided Language Teaching (CALT) എന്ന പ്രോഗ്രാമിന് യു.ജി.സി അനുവദിച്ച 19,20,000/- രൂപ ഉപയോഗപ്പെടുത്തി മറ്റ് അക്കാദമിക് പദ്ധതിക്ക് നിയമപരമായി ഉപയോഗിക്കാൻ തീരുമാനിച്ചു. അപ്രകാരം നിയമപരമായ തടസ്സങ്ങളില്ലെങ്കിൽ പ്രസ്തുത തുക പുതുതായി സർവകലാശാല ആരംഭിക്കാൻ ഉദ്ദേശിക്കുന്ന Project Mode Programme കളിൽ ഏതെങ്കിലും ഒന്നിലേക്ക് ഉപയോഗിക്കാനും തീരുമാനിച്ചു. കൂടാതെ പ്രസ്തുത തീരുമാനം യു.ജി.സി യെ അറിയിക്കാനും നിർദ്ദേശിച്ചു.

**Item No. 5**

Application for recognition as Research Guide in Philosophy from Dr. Faizal N.M, Assistant Professor, Dept. of Philosophy – SSUS Consideration of – reg. (No. Acd.A1/715/SSUS/2020)

Considering the recommendations of the Standing Committee on Academic & Research held on 12.08.2022, it is resolved to grant Research Guideship to Dr. Faizal N.M, Assistant Professor, Dept. of Philosophy, SSUS, Kalady.

**Item No. 6**

Application for recognition as Research Guide in Sanskrit Sahitya from Dr. Sridevi, Assistant Professor, Dept. of Sanskrit Sahitya – SSUS Consideration of – reg. (No. Acd.A2/12188/SSUS/2021)

Considering the recommendations of the Standing Committee on Academic & Research held on 12.08.2022, it is resolved to grant Research Guideship to Dr. Sridevi, Assistant Professor, Dept. of Sanskrit Sahitya, SSUS, Kalady.

**Item No. 7**

Application for recognition as Research Guide in Hindi from Dr. Sangeetha K, Assistant Professor, Dept. of Hindi - SSUS Consideration of – reg. (No. Acd.A2/17956/SSUS/2021)

Considering the recommendations of the Standing Committee on Academic & Research held on 12.08.2022, it is resolved to grant Research Guideship to Dr. Sangeetha K, Assistant Professor, Dept. of Hindi, SSUS, Kalady.

**Item No. 8**

വ്യാകരണ ഗവേഷണപഠനവകുപ്പിലെ 01.01.2009 രജിസ്ട്രേഷൻ ഗവേഷകയായ പ്രിയ പി. ആർ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 15.06.2022 ൽ സമർപ്പിച്ച പ്രബന്ധ സമർപ്പണ അപേക്ഷയിന്മേൽ പ്രബന്ധം സമർപ്പണത്തിന് മുന്നോടിയായുള്ള നടപടികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നത് - സംബന്ധിച്ച്. (No. Acd.A1/5030/SSUS/2009)

12.08.2022 ലെ അക്കാദമിക് & റിസർച്ച് സമിതിയുടെ ശിപാർശ പരിഗണിച്ച് നിലവിലുള്ള സർവകലാശാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 35000/- രൂപ ഈടാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം നാളിതുവരെ പ്രബന്ധ സമർപ്പണത്തിനായി അവസരം വിനിയോഗിക്കാത്ത 01.01.2010 വരെ രജിസ്റ്റർ ചെയ്ത ഗവേഷകരുടെ പ്രബന്ധ സമർപ്പണ അപേക്ഷ സമർപ്പിക്കാൻ രേഖപ്പെടുത്തിയ തീയതി 30.06.2022 ൽ നിന്നും 31.12.2022 വരെ നീട്ടാനും ടി ഗവേഷകരുടെ പ്രബന്ധ സമർപ്പണം 31.03.2023 തീയതിക്കുള്ളിൽ പൂർത്തിയാക്കാൻ നിർദ്ദേശം നൽകാനും തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ വ്യാകരണ ഗവേഷണ പഠനവകുപ്പിലെ ഗവേഷകയായ പ്രിയ.പി.ആർ - ന്റെ 15.06.2022 തീയതിയിലെ അപേക്ഷ ഈ പദ്ധതിയിലുൾപ്പെടുത്തി അനുവദിക്കാവുന്നതാണെന്ന് തീരുമാനിച്ചു.

**Item No. 9**

മലയാളം ഗവേഷണ പഠന വകുപ്പിലെ ഇന്റഗ്രേറ്റഡ് എം.ഫിൽ/പി.എച്ച്.ഡി പാർട്ട് ടൈം ഗവേഷകനായ റിയാസ് കെ യുടെ ഗവേഷണ പ്രബന്ധം സമർപ്പിക്കുന്നതിന് സമയം ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്.

(No. 2553/Acd.A1/SSUS/2009)

12.08.2022 ലെ അക്കാദമിക് & റിസർച്ച് സമിതിയുടെ ശിപാർശ പരിഗണിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അപേക്ഷയുടെയും പ്രബന്ധ സമർപ്പണത്തിന്റെയും തീയതികളിലെ ഭേദഗതിക്കനുസരിച്ച് നിലവിലെ ഫീസ് നിരക്ക് ഈടാക്കി പുതിയ അപേക്ഷ സമർപ്പിക്കാൻ ടി വിദ്യാർത്ഥിക്ക് അവസരം നൽകുന്നതിന് തീരുമാനിച്ചു.

**Item No. 10**

ഭിന്നലിംഗ വിദ്യാർത്ഥികളുടെ പ്രവേശനം - സംബന്ധിച്ച്.
(No.Acd.A1/2555/SSUS/2017)

12.08.2022 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ഭിന്നലിംഗ വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് പ്രകാരം എല്ലാ കോഴ്സുകൾക്കും ഭിന്നലിംഗ വിദ്യാർത്ഥികൾക്കായി രണ്ട് അധിക സീറ്റ് അനുവദിച്ച് നൽകുവാൻ തീരുമാനിച്ചു. ഭിന്നലിംഗ വിഭാഗക്കാർക്ക് കൂടുതൽ ഇളവുകൾ കൊടുക്കാവുന്നതാണോ എന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

**Item No. 11**

ഹിന്ദി ഗവേഷണപഠനവകുപ്പിലെ 01.01.2008 രജിസ്ട്രേഷൻ ഗവേഷകയായ സിന്ധു സി. കെ. ക്യാൻസർ ബാധിതയായതുകൊണ്ട് തുടർചികിത്സയുള്ളതിനാൽ പ്രബന്ധസമർപ്പണ അപേക്ഷയിന്മേൽ ഫീസിളവ് അനുവദിക്കുന്നത് - സംബന്ധിച്ച്. (No. 245/Acd.A1/2008/SSUS)

12.08.2022 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് മാനുഷികമായ പരിഗണന മുൻനിർത്തി ഹിന്ദി ഗവേഷണ പഠനവകുപ്പിലെ ഗവേഷകയായ സിന്ധു സി കെ യുടെ അപേക്ഷ പരിഗണിക്കാൻ തീരുമാനിച്ചു. ഇത്തരം കേസുകളിൽ പൊതുവായ ചട്ടം രൂപീകരിക്കുവാൻ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

**Item No. 12**

BFA പ്രോഗ്രാമിന് Applied Arts (Applied/Advertising/Commercial Arts) എന്ന Specialization ആരംഭിക്കുന്നത് - സംബന്ധിച്ച്. (No.Acd.B1/9502/2003/SSUS)

അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

## Item No. 13

2022-23 വർഷത്തിൽ സെമിനാർ/വെബിനാർ/ശില്പശാല നടത്തുന്നതിനുള്ള പ്രൊപ്പോസലുകളിൽ തീരുമാനമെടുക്കുന്നത് - സംബന്ധിച്ച്.
(No.Acd.C1/7185/SSUS/2022)

ഡിപ്പാർട്ട്മെന്റ് കൗൺസിൽ യോഗം ചേർന്ന് വേണം ഇനി മുതൽ പ്രൊപ്പോസൽ സമർപ്പിക്കേണ്ടത് എന്ന് തീരുമാനിച്ചു. ഇനി മുതൽ വെബിനാറുകൾ അനുവദിക്കേണ്ടതില്ലായെന്നും തീരുമാനിച്ചു. അക്കാദമിക് ആൻഡ് റിസർച്ച്, ഫിനാൻസ് എന്നീ സിൻഡിക്കേറ്റ് ഉപസമിതികൾ പ്രോ വൈസ് ചാൻസലറുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് അത്യാവശ്യമുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ബഹു. വൈസ് ചാൻസലർക്ക് നേരിട്ട് സമർപ്പിക്കാനും തീരുമാനിച്ചു.

## Item No. 14

കേരളത്തിനു പുറത്തുള്ള സർവകലാശാലകളിലും വിദേശ സർവകലാശാലകളിലും ഗവേഷക വിദ്യാർത്ഥികൾ പങ്കെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ തീരുമാനമെടുക്കുന്നത് - സംബന്ധിച്ച്. (No. Acd.C1/6127/SSUS/2020)

12.08.2022 ലെ അക്കാദമിക് & റിസർച്ച് സമിതിയുടെയും 16.08.2022 ലെ ഫിനാൻസ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച് കേരളത്തിനു പുറത്തുള്ള സർവകലാശാലകളിലും വിദേശ സർവകലാശാലാകളിലും ഗവേഷക വിദ്യാർത്ഥികൾ പങ്കെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിക്കാൻ രൂപീകരിച്ച കമ്മിറ്റി തയ്യാറാക്കിയ അനുബന്ധം III പ്രകാരമുള്ള നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

**Item No. 15**

Distinguished Lecture Series പ്രോഗ്രാമിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിക്കുന്നത് - സംബന്ധിച്ച്. (No.Acd.C1/ 5845/SSUS/2022)

20-06-2022 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെയും 16.08.2022 ലെ ഫിനാൻസ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച് Distinguished Lecture Series നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ താഴെ പറയുന്ന ഭേദഗതികൾ വരുത്തി (അനുബന്ധം IV) അംഗീകരിക്കാൻ തീരുമാനിച്ചു.

1. മാർഗ്ഗനിർദ്ദേശങ്ങളിലെ Clause.7 ൽ രേഖപ്പെടുത്തിയ 'Individual' എന്നുള്ളത് Member of Faculty എന്നാക്കി മാറ്റണം.
2. സർവകലാശാലയിലെ കലാ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ കലാസൃഷ്ടികൾ Memento ആയി നൽകാൻ ഉദ്ദേശിക്കുന്നതിനാൽ Memento യുടെ ചെലവ് 7000/- രൂപയാക്കേണ്ടതാണ്.
3. മേൽ ഭേദഗതികളോടെ പ്രതീക്ഷിത ചെലവ് 50000/- രൂപയായി നിജപ്പെടുത്തേണ്ടതാണ്.

**Item No. 16**

മെറിറ്റ് സ്കോളർഷിപ്പ് തുക വിതരണം - സംബന്ധിച്ച്.
(No. Acd.C2/9474/SSUS/2022)

12.08.2022 ലെ അക്കാദമിക് & റിസർച്ച് സമിതിയുടെയും 16.08.2022 ലെ ഫിനാൻസ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച് മെറിറ്റ് അടിസ്ഥാനമാക്കി വിതരണം ചെയ്യുന്ന സ്കോളർഷിപ്പിന്റെ മാർഗ്ഗനിർദ്ദേശത്തിലെ Clause XV പ്രകാരം ഇ-ഗ്രാൻറ് മുഖേന ലഭിക്കുന്ന തുക കുറയ്ക്കണമെന്ന നിർദ്ദേശം ഒഴിവാക്കുവാൻ തീരുമാനിച്ചു. ഇതിന് മുൻകാല പ്രാബല്യം നൽകേണ്ടതില്ലെന്നും തീരുമാനിച്ചു.

**Item No. 17**

സർവകലാശാല ബജറ്റ് 2022-2023 - അക്കാദമിക് കണ്ടിജൻസി ഫണ്ട് ഉപയോഗം - മാർഗ്ഗനിർദ്ദേശം അംഗീകരിക്കുന്നത് - സംബന്ധിച്ച്. (No.Acd.C2/7510/SSUS/2022)

20-06-2022 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെയും 16.08.2022 ലെ ഫിനാൻസ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച് ബഹു. വൈസ് ചാൻസലറുടെ നിർദ്ദേശപ്രകാരം അക്കാദമിക് ആവശ്യങ്ങൾക്കായി 500000/- രൂപ വകയിരുത്തി 2022-2023 സാമ്പത്തിക വർഷത്തെ സർവകലാശാല ബജറ്റിൽ ഉൾപ്പെടുത്തിയ അക്കാദമിക് കണ്ടിജൻസി ഫണ്ട് (ബജറ്റ് ശീർഷകം 2345-01) അനുവദിക്കുന്നത് സംബന്ധിച്ച് തയ്യാറാക്കി സമർപ്പിച്ച കരട് മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No. 18**

ഭിന്നശേഷി വിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് നിയമാനുസൃതമായ ഇളവുകളും സ്കോളർഷിപ്പുകളും അനുവദിക്കുന്നത് - സംബന്ധിച്ച്.

(No.Acd.C2/3407/SSUS/2020)

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് നിയമാനുസൃത ഇളവുകളും സ്കോളർഷിപ്പും അനുവദിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ താഴെ പറയുന്ന ഭേദഗതികളോടെ (അനുബന്ധം V) അംഗീകരിക്കുവാൻ തീരുമാനിച്ചു.

1. ഇനം നമ്പർ 8 ൽ സർവകലാശാലയിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക അവർക്ക് അനുവദിക്കുന്ന കാലം മുതൽ റഗുലർ പ്രോഗ്രാം കാലാവധി പൂർത്തീകരിക്കുന്നതുവരെ അനുവദിക്കുക.
2. ഇനം നമ്പർ 14 ൽ ഭിന്നശേഷി വിദ്യാർത്ഥികൾക്ക് പരീക്ഷ സംബന്ധമായ ഹാജർ നിലയിൽ 25% ഇളവ് അനുവദിക്കുക.
3. ഇനം നമ്പർ 23 ഒഴിവാക്കുക.

## Item No. 19

പബ്ലിക്കേഷൻ വിഭാഗം - ആർട്സ് & സോഷ്യൽ സയൻസ് റിസർച്ച് ജേർണൽ മാനദണ്ഡങ്ങൾ രൂപീകരിക്കുന്നത് - സംബന്ധിച്ച്. (No. 16179/Publi. /SSUS/2018)

20-06-2022 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെയും 16.08.2022 ലെ ഫിനാൻസ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച് താഴെ സൂചിപ്പിക്കുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കാൻ തീരുമാനിച്ചു.

1. ജേർണൽ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ടുള്ള പൊതു മാനദണ്ഡങ്ങളിൽ (05.09.2014 ലെ പി.യു.ബി /148/ എസ് എസ് യു എസ്/2013, 12.06.2018 ലെ 1748/പബ്ലി/എസ് എസ് യു എസ് / 2018(2), 26.11.2021 ലെ 4012/ പബ്ലി /എസ് എസ് യു എസ് / 2020) നിന്നും വ്യതിചലിക്കാതെ ഓരോ വിഭാഗത്തിനും ജേർണൽ സ്റ്റൈൽ നടത്താവുന്നതാണ്.

2. 05.09.2014 ലെ പി.യു.ബി /148/ എസ് എസ് യു എസ്/2013 ഉത്തരവിൽ പറഞ്ഞിട്ടുള്ള ജേർണലുകളുടെ എണ്ണം 250 ൽ നിന്നും 100 എണ്ണമാക്കി മാറ്റാവുന്നതാണ്.

3. ജേർണൽ പ്രസിദ്ധീകരണം നടത്തുന്നതിന് പബ്ലിക്കേഷൻ വിഭാഗത്തിന്റെ ഹോണററി ഡയറക്ടർക്ക് തന്റെ ചുമതല നിർവഹിക്കുന്നതിനുള്ള സാഹചര്യങ്ങൾ / സഹായങ്ങൾ സർവകലാശാല നൽകേണ്ടതാണ്.

4. പബ്ലിക്കേഷൻ വിഭാഗത്തിന് ആവശ്യമായ DTP Operator/Binder/Graphic Designer എന്നീ തസ്തികകളിലെ ഒഴിവ് നികത്തണം.

5. ജേർണൽ പ്രസിദ്ധീകരിക്കുന്നത് Print On Demand വ്യവസ്ഥ പരിഗണിക്കാവുന്നതാണ്.

## Item No. 20

സർവകലാശാല പരീക്ഷകളുടെ ഉത്തരക്കടലാസുകൾ പോസ്റ്റൽ വകുപ്പുമായി ചേർന്നു കൊണ്ട് അയക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നത് - സംബന്ധിച്ച്. [No. EA/11348/SSUS/2012]

26.07.2022 ലെ പരീക്ഷാസ്ഥിരം സമിതിയുടെയും 16.08.2022 ലെ ഫിനാൻസ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച് സർവകലാശാല പരീക്ഷകളുടെ ഉത്തരക്കടലാസുകൾ പോസ്റ്റൽ വകുപ്പുമായി ചേർന്നുകൊണ്ട് അയക്കുന്നതിന് പാഴ്സൽ അയക്കുന്ന നിരക്ക്, Tracking Facility, Time Limit എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ചു. അവ ലഭ്യമായ ശേഷം പരീക്ഷാകമ്മറ്റിയിലേക്ക് പ്രസ്തുത വിഷയം സമർപ്പിക്കാനും നിർദ്ദേശിച്ചു.

## Item No. 21

2020-21 എ.ജി -ഓഡിറ്റ് റിപ്പോർട്ട് സിൻഡിക്കേറ്റിന് സമർപ്പിക്കുന്നത് - സംബന്ധിച്ച്. (No. I.A/15600/A.G Aufit 2020-21/SSUS/2021)

16.08.2022 ലെ ഫിനാൻസ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച് 2020-21 സാമ്പത്തിക വർഷത്തെ എ.ജി ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടി വിവിധ വിഭാഗങ്ങളിൽ നിന്നും ശേഖരിച്ച് എ.ജി. യ്ക്ക് സമർപ്പിക്കാനും ഓഡിറ്റ് തടസ്സവാദങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചു. കൂടാതെ റിപ്പോർട്ടിനുള്ള മറുപടി സിൻഡിക്കേറ്റിനു മുമ്പാകെ സമർപ്പിക്കേണ്ടതാണെന്നും തീരുമാനിച്ചു.

## Item No. 22

പി.എഫ് നിക്ഷേപം - 2022 ഏപ്രിൽ 1 മുതൽ 2022 ജൂൺ 30 വരെയുള്ള കാലയളവിലെ പലിശമാറ്റം വരുത്തുന്നത് - സംബന്ധിച്ച്. (No. BillA/5408/Rate of Interest/SSUS PF/2020)

16.08.2022 ലെ ഫിനാൻസ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച് 01.04.2022 മുതൽ 30.06.2022 വരെ സർവകലാശാല ഭവിഷ്യ നിധി അക്കൗണ്ടിലുള്ള ജീവനക്കാരുടെ നിക്ഷേപങ്ങൾക്ക് 29.04.2022 ലെ സ.ഉ. (അച്ചടി) നം. 48/2022/ധന നമ്പർ ഉത്തരവ് പ്രകാരമുള്ള പലിശ നിരക്ക് നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് സർവകലാശാലയിൽ നടപ്പിൽ വരുത്തുന്നതിന് അനുമതി നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

## Item No. 23

സർവകലാശാല ബജറ്റ് - പുതിയ ബജറ്റ് ശീർഷകം ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്. (No. 17355/Fin & Accts/SSUS/2021)

16.08.2022 ലെ ഫിനാൻസ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് അനദ്ധ്യാപക വിഭാഗം കരാർ ജീവനക്കാരുടെ ശമ്പളം വകയിരുത്തുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ പുതിയ ശീർഷകങ്ങൾ ഉൾപ്പെടുത്തുന്നതിനും 2022 ഏപ്രിൽ ഒന്ന മുതൽ ഈ സാമ്പത്തിക വർഷത്തെ ടി ഇനത്തിലെ ചെലവുകൾ അതത് ബജറ്റ് ശീർഷകങ്ങളിൽ ഉൾക്കൊള്ളിക്കുന്നതിനും തീരുമാനിച്ചു.

## Item No. 24

Incorporation of a Public Limited Company under Section 8 of the Companies Act, 2013 –reg. (No.Sec.8 Company/FO/7859/SSUS/2022 )

The Syndicate resolved to authorise the Hon. Vice Chancellor to initiate procedures for registering a Public Limited Company under Section 8 of the Companies Act 2013 in Sree Sankaracharya University of Sanskrit, Kalady.

## Item No. 25

ചിത്രകലാ വിഭാഗത്തിന്റെ ലൈഫ് മോഡൽസിനും അനുബന്ധ സാമഗ്രികൾ വാങ്ങുന്നതിനും അംഗീകരിച്ചിരിക്കുന്ന തുക വർദ്ധിപ്പിക്കുന്നത് - സംബന്ധിച്ച്. (No. Acd.C1/10005/SSUS/ 2009)

16.08.2022 ലെ ഫിനാൻസ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച് ചിത്രകലാ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പ്രായോഗിക പരീക്ഷയുടെയും പഠന പ്രക്രിയയുടെയും ഭാഗമായി ചിത്രങ്ങൾ വരയ്ക്കുന്നതിനായി വരുന്ന ലൈഫ് മോഡൽസിന് നൽകുന്ന പ്രതിഫലവും മറ്റ് അനുബന്ധ സാമഗ്രികൾ വാങ്ങുന്നതിനും അനുവദിക്കുന്ന നിലവിലെ നിരക്ക് പുതുക്കി നിശ്ചയിച്ച 25.06.2022 ന് ചേർന്ന യോഗ തീരുമാനങ്ങൾ (അനുബന്ധം VI) അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 26

ദിവസവേതനാടിസ്ഥാനത്തിൽ പ്ലംബർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ.മുഹമ്മദ് സാലിയെ കരാറടിസ്ഥാനത്തിലേക്ക് മാറ്റി നിയമിക്കുന്നത് സംബന്ധിച്ച്. (No. Ad.C / 6000 / SSUS / 2019)

പ്രസ്തുത വിഷയം അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

## Item No. 27

കരാറടിസ്ഥാനത്തിൽ സർവകലാശാലയിൽ സേവനം ചെയ്യുന്ന ഐ.ക്യു.എ.സി അസിസ്റ്റന്റ്, ഗ്രാഫിക് ഡിസൈനർ എന്നീ തസ്തികകളിലെ ശമ്പളം വർദ്ധിപ്പിക്കുന്നത് - സംബന്ധിച്ച്. [No. Ad.C / 6000 / SSUS / 2019(1)]

16.08.2022 ലെ ഫിനാൻസ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച് സർവകലാശാലയിൽ കരാറടിസ്ഥാനത്തിൽ സേവനം ചെയ്യുന്ന ഐ.ക്യു.എ.സി അസിസ്റ്റന്റിന്റെ ശമ്പളം വർദ്ധിപ്പിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ തത്ക്കാലം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**Item No. 28**

സർവകലാശാലയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. സക്കറിയ ഇ.എച്ച്. സമർപ്പിച്ച മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷയിൽ തുക അനുവദിക്കുന്നത് - സംബന്ധിച്ച്. (No. Ad.C / 12461 / SSUS / 2020)

16.08.2022 ലെ ഫിനാൻസ് സ്ഥിരം സമിതിയുടെയും ശിപാർശ പരിഗണിച്ച് സർവകലാശാലയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. സക്കറിയ ഇ.എച്ച്. ന് ചികിത്സാ ചെലവിനത്തിൽ 1,41,620/- രൂപ അനുവദിക്കുന്നതിനും മെഡിക്കൽ അഡ്വാൻസായി അനുവദിച്ച 1,00,000/- രൂപ ക്രമീകരിക്കുന്നതിനും ബാക്കി തുകയായ 41,620/- രൂപ ടിയാൾക്ക് റീ ഇംബേഴ്സ് ചെയ്യുന്നതിനും തീരുമാനിച്ചു.

**Item No. 29**

ധനകാര്യ(പെൻഷൻ ബി) വകുപ്പിന്റെ 17.07.2017 ലെ സ.ഉ.(പി) നം. 91/17/ധന നമ്പർ ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കുന്നതും സർവകലാശാലയിലെ ഓഫീസ് അറ്റൻഡന്റ് ആയിരുന്ന ശ്രീ. ബിജു എം.പി ചികിത്സയ്ക്കായി എടുത്ത പലിശ രഹിത മെഡിക്കൽ അഡ്വാൻസ് തുക എഴുതി തള്ളുന്നതും - സംബന്ധിച്ച്. (No. Ad.C / 8891 / IFL/ MR/ SSUS / 2014)

16.08.2022 ലെ ഫിനാൻസ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് സർവകലാശാലയിലെ ഓഫീസ് അറ്റൻഡന്റ് ആയിരുന്ന ശ്രീ. ബിജു എം.പി ചികിത്സയ്ക്കായി എടുത്ത പലിശ രഹിത മെഡിക്കൽ അഡ്വാൻസ് തുക സംബന്ധിച്ച് താഴെ പറയുംപ്രകാരം തീരുമാനിച്ചു.

1. സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ 5 ലക്ഷം വരെയുള്ള ബാധ്യതകൾ എഴുതി തള്ളുന്നത് സംബന്ധിച്ച 17-07-2017 ലെ സ.ഉ.(പി) നമ്പർ 91/17/ധന. നമ്പർ ഉത്തരവ് സർവ്വകലാശാലയിൽ നടപ്പിലാക്കുക.

2. മേൽ ഉത്തരവിലെ വ്യവസ്ഥകൾ അനുസരിച്ച് 13-02-2022 ൽ മരണപ്പെട്ട ശ്രീ. ബിജു എം.പി.യ്ക്ക് അനുവദിച്ച മെഡിക്കൽ അഡ്വൻസ് തുകയായ 2,75,000/- രൂപയുടെ ബാധ്യത എഴുതിത്തള്ളുക.

3. ഓഡിറ്റ് വിഭാഗം കണക്കാക്കിയ മെഡിക്കൽ അഡ്വാൻസ് തുകയുടെ പിഴ പലിശയായ 2,15,000/- രൂപ ടി സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ അനുസരിച്ച് എഴുതിത്തള്ളുവാൻ നിർവ്വാഹമില്ലാത്തതിനാൽ പിഴ പലിശ എഴുതി തള്ളുന്ന കാര്യത്തിൽ സർക്കാരിലേക്ക് കത്ത് അയക്കുക.

**Item No. 30**

Terms and conditions of fee of Standing Counsel of the University – Reg. (No.LGLS / 3774 / 2022 / SSUS)

The Syndicate considered the recommendations of the Staff and Legal Committee, held on 29.07.2022 and Finance Standing Committe, held on 16.08.2022 and resolved to approve the terms and conditions of the fee of the Standing Counsel, Sri. Dinesh Mathew J Murikan, Advocate, Chittoor Road, Valanjambalam, Kochi -16, of the University as appended Annexure VII.

**Item No. 31**

സർവകലാശാലയുടെ കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിലെ വിദ്യാർ ത്ഥിനികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കാൻ പുതിയൊരു കെട്ടിടം വാടകക്ക് എടുക്കുന്നത് - സംബന്ധിച്ച്. (No. 12859/Estate2/SSUS/2018)

16.08.2022 ലെ ഫിനാൻസ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിലെ വിദ്യാർത്ഥിനികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കാൻ പുതിയൊരു കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിന് തീരുമാനിച്ചു. സർവ്വകലാശാല നിശ്ചയിച്ച ഹോസ്റ്റൽ വാടക വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കാവുന്നതാണ്. കെട്ടിട ഉടമയുമായി സംസാരിച്ച് പ്രതിമാസ വാടക

8000/- രൂപയിൽ കുറവ് ചെയ്യുവാൻ ക്യാമ്പസ് ഡയറക്ടറെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.കൂടാതെ ഹോസ്റ്റൽ കെട്ടിടത്തിന്റെ വാടകയുടെ പകുതിയെങ്കിലും ലഭിക്കുന്ന തരത്തിൽ ഹോസ്റ്റൽ ഫീസ് നിശ്ചയിക്കുന്ന കാര്യവും വാടകയ്ക്ക് എടുത്ത് നടത്തുന്ന മറ്റു ഹോസ്റ്റലുകൾക്കും ഇത് ബാധകമാക്കുന്ന കാര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഫിനാൻസ് സ്ഥിരം സമിതിയെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

## Item No. 32

ക്യാമ്പസ് ലൈബ്രറിയിലെ പുസ്തകങ്ങൾ സർവകലാശാല ലൈബ്രറിയിലേക്ക് മാറ്റുന്നതിന് ഡെപ്യൂട്ടി ലൈബ്രേറിയന് അനുവദിച്ച മുൻകൂർ തുക ക്രമീകരിക്കുന്നത് - സംബന്ധിച്ച്. (No. 1763/Estate2/SSUS/2022)

04-10-2011 ലെ സർക്കാർ ഉത്തരവിലെ (G.O.(P) No. 419/11/Fin) നിർദ്ദേശങ്ങൾ അനുസരിച്ച് ഇന്റേണൽ ഓഡിറ്റ് വിഭാഗം കണക്കാക്കിയ പിഴപ്പലിശ ഒഴിവാക്കിത്തരണമെന്ന ഡെപ്യൂട്ടി ലൈബ്രേറിയന്റെ അപേക്ഷ പരിഗണിക്കേണ്ടതില്ലെന്നും ടി സർക്കാർ ഉത്തരവിലെ 4(III) ഖണ്ഡികയിൽ കൂടുതൽ വ്യക്തത വരുത്താനും തീരുമാനിച്ചു. കാലങ്ങളായി ക്രമീകരിക്കാതെ കിടക്കുന്ന മുൻകൂറുകൾ ക്രമീകരിക്കുന്നതിന് ഫിനാൻസ് വിഭാഗം സ്വീകരിച്ചിട്ടുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് അടിയന്തിര നിർദ്ദേശം നൽകാനും തീരുമാനിച്ചു.

## Item No. 33

Judgment dated 25.07.2022 in WA No’s 96, 98, 206, 325 & 352 of 2022 of the Hon’ble High Court of Kerala-consideration of-reg.
(No. LGLS/5764/2011/SSUS)

2012 ലെ 96, 98, 206, 325 & 352 എന്നീ നമ്പറുകളിലുള്ള റിട്ട് അപ്പീലുകളിൽ ബഹു. കേരള ഹൈക്കോടതി 15.07.2022 തീയതിയിൽ പുറപ്പെടുവിച്ച വിധി ന്യായവും സ്റ്റാൻഡിംഗ് കൗൺസിലിന്റെ നിയമോപദേശവും പരിഗണിച്ച് താഴെ പറയും പ്രകാരം തീരുമാനിച്ചു.

1. കോടതി വിധി നടപ്പിലാക്കാൻ തീരുമാനിച്ചു.

2. കോടതി വിധി മാനിച്ച് യു.ജി.സി യുടെ 2018 റെഗുലേഷന്റെ വ്യവസ്ഥ അംഗീകരിച്ച് ഗസ്റ്റ് അധ്യാപകരുടെ എണ്ണം ക്രമാനുഗതമായി പരിമിതപ്പെടുത്താൻ തീരുമാനിച്ചു. എന്നാൽ മുഖ്യ കേന്ദ്രത്തിലും പ്രാദേശിക കേന്ദ്രങ്ങളിലും പ്രോഗ്രാമുകൾ നടന്നു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഉടൻ തന്നെ ഗസ്റ്റ് അധ്യാപകരെ പൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുകയില്ല എന്നതിനാൽ ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന പ്രോഗ്രാമുകൾ പൂർത്തീകരിക്കുന്ന ക്രമത്തിൽ യു.ജി.സി 2018 നിബന്ധനകൾക്കനുസരിച്ച് ഗസ്റ്റ് അധ്യാപകരുടെ എണ്ണം പരിമിതപ്പെടുത്താൻ തീരുമാനിച്ചു.

   2018 ലെ യു.ജി.സി റെഗുലേഷന്റെ താത്പര്യത്തെ പിൻതുടർന്നുകൊണ്ട് അഞ്ചിൽ കുറവ് അധ്യാപകരുള്ള ഡിപ്പാർട്ടുമെന്റുകളിൽ പ്രോഗ്രാമുകൾ തടസ്സമില്ലാതെ നടക്കുവാനായി തുടർന്നും മിനിമം ഗസ്റ്റ് അധ്യാപകരെ നിയമിക്കാൻ തീരുമാനിച്ചു.

   കോടതി വിധിയിലെ നിർദ്ദേശപ്രകാരവും യു.ജി.സി 2018 റെഗുലേഷൻ വ്യവസ്ഥകൾക്കനുസരിച്ചും ഗസ്റ്റ് അധ്യാപകരെ അടിയന്തിരമായി പരിമിതപ്പെടുത്തുന്നതിന് വിവിധ കോഴ്സുകൾ റീസ്ട്രക്ച്ചർ ചെയ്യാൻ അക്കാദമിക് റീ സ്ട്രക്ച്ചറിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

3. ഡോ. ശ്രീലത വർമ്മക്ക് അടുത്ത സെലക്ഷൻ പ്രോസസിൽ പങ്കെടുക്കാൻ അവസരം നൽകാൻ തീരുമാനിച്ചു.

4. നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ Special Leave Petition ഫയൽ ചെയ്യാൻ തീരുമാനിച്ചു.

**Item No. 34**

പർച്ചേസുമായി ബന്ധപ്പെട്ട് ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കൽ - പ്രായോഗിക ബുദ്ധിമുട്ടുകൾ റിപ്പോർട്ട് ചെയ്യൽ - സിൻഡിക്കേറ്റ് തീരുമാനം പുന പരിശോധിക്കുന്നത് പരിഗണനയ്ക്കായി സമർപ്പിക്കുന്നത് - സംബന്ധിച്ച്.

(No. 2993/Estate 3/SSUS/2022)

Deferred.

**Item No. 35**

ജ്യോഗ്രഫി വിഭാഗത്തിലേയ്ക്ക് 7 ഡെസ്ക് ടോപ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് സിൻഡിക്കേറ്റിന്റെ അനുമതി ലഭിക്കുന്നത്-സംബന്ധിച്ച്.

(No. 2663/Estate3/SSUS/2022)

സർവകലാശാലയിലെ ജ്യോഗ്രഫി വിഭാഗത്തിലെ GIS ലാബിലേക്ക് താഴെ പറയുന്ന സ്പെസിഫിക്കേഷനോടു കൂടിയ 7 ഡെസ്ക് ടോപ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു. പ്രസ്തുത കമ്പ്യൂട്ടറുകൾ CPRCS ൽ ലഭ്യമാണെങ്കിൽ അതുവഴിയും അല്ലെങ്കിൽ ജെം മുഖേനയോ കമ്പ്യൂട്ടറുകൾ വാങ്ങാവുന്നതാണ്. CPRCS ൽ നിന്നല്ലാതെ ഐടി ഉപകരണങ്ങൾ വാങ്ങുന്ന ഘട്ടത്തിൽ കേരള സംസ്ഥാന ഐ ടി മിഷനിൽ നിന്നും ആവശ്യമായ സ്പെസിഫിക്കേഷനുള്ള ഇനങ്ങൾ ലഭ്യമല്ലെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

| Sl.No | Item | Particulars |
|---|---|---|
| 1. | Processor | Latest Generation 17 |
| 2. | Memory | 8 GB DDR4 or Higher |
| 3. | Storage | 1 TB SSD |
| 4. | Graphics | 4 GB or Higher |
| 5. | Monitor | 22”LED |
| 6. | Operating System | Windows 10 (64 Bit) |
| 7. | Ports | USB 3.0, Wi-Fi & LAN HDMI |

| | | |
|---|---|---|
| 8. | Other Requirements | Internal DVD, USB, Mouse & Keyboard |
| | Estimate Cost per Computer | Rs. 1,50,000/- |
| | **Total Cost for 7 Computers** | **1,50,000/- x 7 = 10,50,000/-** |

## Item No. 36

സർവകലാശാല മുഖ്യകേന്ദ്രത്തിലെ ലാംഗ്വേജ് ബ്ലോക്ക്, ഫൈൻ ആർട്സ് ബ്ലോക്ക് എന്നിവിടങ്ങളിൽ Wi-Fi Access points വിതരണം ചെയ്ത വകയിൽ M/s KELTRON എന്ന സ്ഥാപനത്തിന് ₹ 379,196/- അനുവദിച്ച ബഹു വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്. (No.7576/Estate3/SSUS/2021)

സർവകലാശാല മുഖ്യകേന്ദ്രത്തിലെ ലാംഗ്വേജ് ബ്ലോക്ക്, ഫൈൻ ആർട്സ് ബ്ലോക്ക് എന്നിവിടങ്ങളിൽ Wi-Fi കണക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നതിനായി Wi-Fi Access points സ്ഥാപിക്കുന്നതിന് M/s KELTRON എന്ന സ്ഥാപനത്തിന് ₹ 3,79,196/- അനുവദിച്ച ബഹു വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 37

സർവകലാശാലയിലെ വിവിധ കെട്ടിടങ്ങളുടെ ചോർച്ച പരിഹരിക്കുന്ന പ്രവൃത്തി M/s. Tekn Coat എന്ന സ്ഥാപനത്തിന് അനുവദിച്ച് നൽകിയതിന് സിൻഡിക്കേറ്റ് സാധൂകരണം ലഭിക്കുന്നത് - സംബന്ധിച്ച് . (No. Engg/15575/SSUS/2021)

സർവകലാശാലയിലെ സംസ്കൃത സാഹിത്യ വിഭാഗം ലൈബ്രറി, അക്കാദമിക് ബ്ലോക്ക് II സെമിനാർ ഹാൾ, ജ്യോഗ്രഫി വിഭാഗം വകുപ്പ് മേധാവിയുടെ ടോയ്‌ലറ്റ്, നിള ഹോസ്റ്റലിലെ മൂന്നാം നിലയിലെ രണ്ട് മുറികൾ, അനസൂയ ഹോസ്റ്റലിന്റെ മുകൾ ഭാഗത്തെ ടോയ്‌ലറ്റുകൾ എന്നിവയുടെ ചോർച്ച പരിഹരിക്കുന്ന പ്രവൃത്തി നിർവ്വഹിക്കുന്നതിന് M/s. Tekn Coat, Angamaly എന്ന സ്ഥാപനത്തിന് 3,75,224/- രൂപ അനുവദിച്ച് നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

**Item No. 38**

സർവകലാശാലയിലെ യു.ജി. ലേഡീസ് ഹോസ്റ്റൽ, ഫൈൻ ആർട്സ് ബ്ലോക്ക് II എന്നി വിടങ്ങളിലെ നെറ്റ് വർക്കിംഗ് പ്രവൃത്തികൾ - സംബന്ധിച്ച്.

(No. Engg / 1240/SSUS/2022)

വർക്ക്സ് & പർച്ചേയ്സ് സമിതിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

**Item No. 39**

സർവകലാശാലയിലെ നിർമ്മാണ പ്രവൃത്തികളിലെ GST - സംബന്ധിച്ച്.
(No. Engg/8419/SSUS/2022)

01.03.2019 തീയതിയിലെ 18/2019/ഫിൻ നമ്പർ സർക്കുലറിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് നിർമ്മാണ പ്രവൃത്തികളുടെ ടെണ്ടർ സമയത്ത് എസ്റ്റിമേറ്റ് തുകയും ജിഎസ്ടി തുകയും പ്രത്യേകമായി രേഖപ്പെടുത്താൻ നിർദ്ദേശിക്കാനും ടെണ്ടർ നോട്ടിഫിക്കേഷൻ പ്രകാരം GST പേയ്മെന്റ് അനുവദിച്ച് നൽകാനും തീരുമാനിച്ചു.

**Item No. 40**

മിസോറാം കേന്ദ്ര സർവകലാശാലയിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ മുൻ സേവനകാലം - ശമ്പള സംരക്ഷണം, പി.എച്ച്.ഡി അഡ്വാൻസ് ഇൻക്രിമെന്റ് എന്നിവയ്ക്ക് പരിഗണിക്കണമെന്ന സോഷ്യോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ശീതൾ എസ്.കുമാർ -ന്റെ അപേക്ഷ പരിഗണിക്കണമോ എന്ന് തീരുമാനിക്കുന്നത് – സംബന്ധിച്ച്. (No. Ad.A3/17668/SSUS/2022)

ഡോ. ശീതൾ എസ്.കുമാറിന്റെ മിസോറാം കേന്ദ്ര സർവകലാശാലയിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ മുൻ സേവനകാലം പരിഗണിച്ച് ടി സർവകലാശാലയിൽ നിന്നും ലഭിച്ച LPC പ്രകാരമുള്ള അടിസ്ഥാന ശമ്പളം ഡോ. ശീതൾ എസ്.കുമാർ സംസ്കൃത സർവകലാശാലയിൽ സേവനത്തിൽ പ്രവേശിച്ച തീയതിയായ 08.02.2021 മുതൽ സംരക്ഷിച്ച് നൽകാൻ തീരുമാനിച്ചു.

## Item No. 41

അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. റഷീദ് പി.എസ് പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനായി സമർപ്പിച്ച അപേക്ഷയും ഡിപ്പാർട്ടുമെന്റൽ പരീക്ഷ വിജയിച്ച സർട്ടിഫിക്കറ്റുകളും - തീരുമാനത്തിനായി സമർപ്പിക്കുന്നത് - സംബന്ധിച്ച്. (No. Ad.C/13540/SSUS/2011)

അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. റഷീദ് പി.എസ്, നിരീക്ഷണ കാലഘട്ടം പൂർത്തീകരിക്കുന്നതിന് ആവശ്യമായ എല്ലാ വകുപ്പുതല പരീക്ഷകളും വിജയിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ അപേക്ഷ പ്രകാരം നിരീക്ഷണ കാലഘട്ടം 2 വർഷം കൂടി ദീർഘിപ്പിച്ചു നൽകാനും അവസാന വകുപ്പ്തല പരീക്ഷ നടന്ന 08.04.2022 തീയതി വച്ച് പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള അനുമതി നൽകാനും തീരുമാനിച്ചു.

## Item No. 42

24.05.2022 തീയതിയിൽ കൂടിയ ശ്രീശങ്കരാചാര്യ അന്താരാഷ്ട്ര പഠനകേന്ദ്രത്തിന്റെ ഗവേണിങ്ങ് കൗൺസിലിന്റേയും അക്കാദമിക് കമ്മറ്റിയുടെയും സംയുക്തയോഗത്തിന്റെ മിനിട്സ് അംഗീകരിക്കുന്നത് - സംബന്ധിച്ച്. (No. ISSS/6536/SSUS/2017)

24.05.2022 തീയതിയിൽ കൂടിയ ശ്രീശങ്കരാചാര്യ അന്താരാഷ്ട്ര പഠനകേന്ദ്രത്തിന്റെ ഗവേണിങ്ങ് കൗൺസിലിന്റേയും അക്കാദമിക് കമ്മറ്റിയുടെയും സംയുക്തയോഗത്തിന്റെ മിനിട്സിൽ ഇനം നമ്പർ 2 ഒഴികെയുള്ളവ അംഗീകരിക്കാൻ തീരുമാനിച്ചു. 2022-23 സാമ്പത്തിക വർഷത്തെ കർമ്മ പദ്ധതികളും ബജറ്റും ഫിനാൻസ് സ്ഥിരം സമിതിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No. 43

2009-2015 കാലയളവിൽ പിഎച്ച്ഡി-ക്ക് രജിസ്റ്റർ ചെയ്ത എം.ഫിൽ യോഗ്യതയുള്ള ഗവേഷക വിദ്യാർത്ഥികൾ കോഴ്സ് വർക്ക് ചെയ്യേണ്ടതുണ്ടോ എന്നത് - സംബന്ധിച്ച്. (No. Acd.A1/1035/2011/SSUS)

എം.ഫിൽ കോഴ്സിന് ഗവേഷകൻ പൂർത്തീകരിച്ച കോഴ്സ് വർക്കിലെ Elective Course ടി ഗവേഷകന്റെ പി.എച്ച്.ഡി ഗവേഷണ **മേഖലയുമായി** ബന്ധപ്പെട്ടതാണെന്ന് അതത് വകുപ്പിലെ റിസർച്ച് അഡ്വൈസറി കമ്മറ്റിയുടെ ബോധ്യത്തിൽ വരുന്ന പക്ഷം അപ്രകാരം ശിപാർശ സമർപ്പിക്കാവുന്നതും ടി ശിപാർശയുടെ അടിസ്ഥാനത്തിൽ ടി ഗവേഷകനെ കോഴ്സ് വർക്കിൽ നിന്ന് പൂർണ്ണമായി ഒഴിവാക്കാവുന്നതാണെന്ന് തീരുമാനിച്ചു.

കൂടാതെ ടി ഗവേഷകൻ എം.ഫിൽ കോഴ്സ് വർക്കിന് തെരഞ്ഞെടുത്ത Elective Course ടിയാളുടെ പി.എച്ച്.ഡി ഗവേഷണവുമായി ബന്ധപ്പെട്ടതല്ലെങ്കിൽ ടി ഗവേഷകന് റിസർച്ച് മെതഡോളജി എന്ന Core Course ന് മാത്രം ഇളവ് അനുവദിക്കാവുന്നതാണെന്നും കോഴ്സ് വർക്കിലെ മറ്റു പേപ്പറുകളെല്ലാം ടി ഗവേഷകൻ വിജയകരമായി പൂർത്തീകരിക്കേണ്ടതാണെന്നും തീരുമാനിച്ചു.

## Item No. 44

2022-23 സാമ്പത്തിക വർഷം - അധിക ധനാഭ്യർത്ഥന പരിഗണിക്കുന്നതിനുള്ള സബ്ജക്റ്റ് കമ്മിറ്റിയുടെ ശിപാർശയിൽ തുടർ നടപടികൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്. (No. ഫിൻ/1910/സബ്ജക്റ്റ് കമ്മിറ്റി/2018-19/SSUS)

ശ്രദ്ധിച്ചു.

## Item No. 45 (a)

പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകണമെന്ന ശ്രീമതി ആശ വി. കെ - യുടെ അപേക്ഷ - സംബന്ധിച്ച്. (No. Ad.B / 1719 / SSUS / 2021 (2) )

&

## Item No. 45 (b)

പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകണമെന്ന ശ്രീമതി ആശ വി. കെ - യുടെ അപേക്ഷയിൻമേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ വിധി - സംബന്ധിച്ച്. (No. Ad.B / 1719 / SSUS / 2021)

പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകണമെന്ന ശ്രീമതി ആശ വി. കെ - യുടെ അപേക്ഷയിൻമേലുള്ള WP(C) No. 20704 of 2022 കേസിലെ 18.07.2022 തീയതിയിലെ ബഹു. കേരള ഹൈക്കോടതി വിധി പ്രകാരം 16.08.2022 തിയ്യതിയിൽ നടത്തിയ ഹിയറിംഗിന്റെ അടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിലവിലുള്ള 13 ഒഴിവുകളിൽ എസ്.സി വിഭാഗത്തിലെ ഒരു ഒഴിവിലേക്ക് ശ്രീമതി ആശ വി.കെ. യെ അഭിമുഖം നടത്തി യോഗ്യയെന്ന് കാണുന്ന പക്ഷം നിയമിക്കാൻ തീരുമാനിച്ചു.

## Item No. 46

അവസാനവർഷ ബി.എ ഭരതനാട്യം വിദ്യാർത്ഥിനി കുമാരി. എൽസ ജോസഫിന് ഗ്രേസ് മാർക്ക് അനുവദിച്ച വിഷയവുമായി ബന്ധപ്പെട്ട പരാതികളിൽ തുടരന്വേഷണം - സംബന്ധിച്ച്. (No. SWC/ 2767 / SSUS / 2016)

അവസാനവർഷ ബി.എ ഭരതനാട്യം വിദ്യാർത്ഥിനി കുമാരി. എൽസ ജോസഫിന് ഗ്രേസ് മാർക്ക് അനുവദിച്ച വിഷയവുമായി ബന്ധപ്പെട്ട പരാതികളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ആർ. ശശിധരൻ (കൺവീനർ), പ്രൊഫ. ഡി. സലിം കുമാർ, ഡോ. പി.വി. രാമൻകുട്ടി എന്നിവരടങ്ങുന്ന കമ്മറ്റിയെ നിയോഗിക്കാൻ തീരുമാനിച്ചു.

## Item No. 47

കാലടി മുഖ്യകേന്ദ്രത്തിലെ വിവിധ പഠനവകുപ്പുകളിലും, വിവിധ പഠനകേന്ദ്രങ്ങളിലും വകുപ്പ് അധ്യക്ഷർ, കോ-ഓർഡിനേറ്റർമാർ ആയി അധ്യാപകരെ നിയമിക്കുന്നത് – സംബന്ധിച്ച്. (No. Ad.A3/9738/SSUS/2020)

23.02.2021 ലെ 45-ാം ഓർഡിനൻസ് പ്രകാരം വകുപ്പ് മേധാവികളെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് സർവകലാശാല ആക്ട് 1994, സെക്ഷൻ 19 സബ് സെക്ഷൻ 4 ഭേദഗതി വരുത്തിയത് 28.09.2021 തീയതി പ്രാബല്യത്തിൽ University Laws Amendment Act 2021 ആയി നിയമസഭ പാസ്സാക്കിയതിന്റെ അടിസ്ഥാനത്തിൽ സർവകലാശാലയിലെ സംഗീത വകുപ്പദ്ധ്യക്ഷയായി ഡോ. പ്രീതി കെ. യെയും ഉറുദു, സോഷ്യോളജി വകുപ്പുകളിൽ യഥാക്രമം ഡോ. കമറുന്നീസ, ഡോ. ശീതൾ എസ് കുമാർ എന്നിവരെ ടീച്ചർ ഇൻ ചാർജ്ജുമാരായും നിയമിക്കാൻ തീരുമാനിച്ചു.

## Item No. 48

കോൺട്രാക്റ്റ് / ഗസ്റ്റ് നിയമനം സംബന്ധിച്ച് 96/2022 നമ്പർ റിട്ട് അപ്പീലിൽ ഹൈക്കോടതി നിരീക്ഷണം കൂടി കണക്കിലെടുത്ത് 2022-23 അക്കാദമിക വർഷം സൈക്കോളജി വകുപ്പിൽ ഒരു ഗസ്റ്റ് അധ്യാപകനെ കൂടി നിയമിക്കണമെന്ന വകുപ്പ് മേധാവിയും, അസിസ്റ്റന്റ് പ്രൊഫസറായ ഡോ.സന്ധ്യ അരവിന്ദ് സി.എ യുടെ അപേക്ഷ പരിഗണിക്കുന്നത് - സംബന്ധിച്ച്. (No. Ad.A2/8211/SSUS/2022)

കോൺട്രാക്റ്റ് / ഗസ്റ്റ് ലക്ചറർമാരുടെ നിയമനം സംബന്ധിച്ച് 96/2022 നമ്പർ റിട്ട് അപ്പീലിലെ ഹൈക്കോടതി നിരീക്ഷണവും, സൈക്കോളജി വകുപ്പിലെ 20 hrs/week ജോലി ഭാരവും ഇനം നമ്പർ 33 ലെ (അഡീഷണൽ അജണ്ട) തീരുമാനവും പരിഗണിച്ച്, വകുപ്പ് മേധാവിയും അസിസ്റ്റന്റ് പ്രൊഫസറുമായ ഡോ. സന്ധ്യ അരവിന്ദ് സി. എ യുടെ അപേക്ഷ അംഗീകരിച്ച് സൈക്കോളജി വകുപ്പിൽ 2022-23 അധ്യയന വർഷത്തിൽ ഒരു ഗസ്റ്റ് അധ്യാപകനെ കൂടി നിയമിക്കാൻ തീരുമാനിച്ചു.

# OUT OF AGENDA

## Item No.1

2022 ലെ ഓണം അഡ്വാൻസ് - സംബന്ധിച്ച്. (No. Bill B/1*3283*/SSUS/2022)

സർവകലാശാല ജീവനക്കാർ അപേക്ഷിക്കുന്ന മുറയ്ക്ക് ഓണം അഡ്വാൻസായി 15000/- രൂപ അഞ്ചു തുല്യ ഗഡുക്കളായി പ്രതിമാസ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന രീതിയിൽ അനുവദിക്കാൻ തീരുമാനിച്ചു.

## Item No.2

ഫൈൻ ആർട്സ് കോംപ്ലക്സ് രണ്ടാം ഘട്ടം - ഇലക്ട്രിക്കൽ പ്രവർത്തികൾ സപ്ലിമെന്ററി എസ്റ്റിമേറ്റിന് അംഗീകാരം - സംബന്ധിച്ച്.
(No. Engg/10596/SSUS/2017)

വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No.3

സർവകലാശാലാ യു.ജി ഹോസ്റ്റലിലെ ടോയ്‌ലറ്റ് ബ്ലോക്കുകൾ നിർമ്മിക്കൽ - സംബന്ധിച്ച്. (No. Engg/10863/SSUS/2022)

സർവകലാശാലാ യു.ജി ഹോസ്റ്റലിലെ ടോയ്‌ലറ്റ് ബ്ലോക്കുകൾ നിർമ്മിക്കുന്ന വിഷയം വിശദമായ ചർച്ച ചെയ്ത് താഴെ പറയുന്നവ അംഗീകരിക്കാൻ തീരുമാനിച്ചു.

1. പ്രസ്തുത പ്രവൃത്തിക്കായി തയ്യാറാക്കിയിട്ടുള്ള 17,70,000/- രൂപയുടെ സിവിൽ പ്രവൃത്തികളുടേയും 58,577/- രൂപയുടെ ഇലക്ട്രിക്കൽ പ്രവൃത്തികളുടേയും അടക്കം മൊത്തം 18,28,577/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകുക.

2. സാങ്കേതികാനുമതി നൽകുവാൻ സർവകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്തുക.

3. ഇ-ദർഘാസുകൾ മുഖേന പ്രവൃത്തി നിർവ്വഹിക്കുക.

## Item No.4

സർവകലാശാലാ മുഖ്യ കേന്ദ്രത്തിൽ സിയാൽ ധനസഹായത്തോടെ ആംഫി തീയേറ്റർ നിർമ്മാണം - അധിക അളവുകൾ, ഇനം എന്നിവയുടെ അംഗീകാരം - സംബന്ധിച്ച്. (No. Engg/13842/SSUS/2022)

വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

## Item No.5

Report of the drug abuse in the campus

15 ലക്ഷം രൂപ മറ്റ് ഹെഡുകളിൽ നിന്നും Reappropriate ചെയ്ത് 9913- 01 (Career and Counselling Cell) എന്ന ഹെഡിൽ ഉൾപ്പെടുത്തി തുടർനടപടികൾ കൈക്കൊള്ളുന്നതിന് ബഹു. വൈസ് ചാൻസലറെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## Item No.6

Award of Ph.D to the following students

a) Sri. Sudhish M.U, Sanskrit Vyakarana (No. EA/Ph.D/694/SSUS/2021)
b) Sri. Abdul Rafeek, Malayalam (No. EA/Ph.D/715/SSUS/2021)
c) Sri. Soumith S, Sanskrit Vedanta (No. EA/Ph.D/719/SSUS/2021)
d) Smt. Nija K.C, Geography (No. EA/Ph.D/605/SSUS/2019)
e) Smt. Shabana M, Sanskrit Sahitya (No. EA/Ph.D/713/SSUS/2021)

Considering the recommendations of the Board of Adjudicators constituted to evaluate Ph.D thesis, it is resolved to award Ph.D to

a) Sri. Sudish M.V in Sanskrit Vyakarana under the Faculty of Sanskrit Grammar for the Ph.D thesis titled **“Linguistic Analysis of Technical Terms in Sankara’s Commentary on Bhagavatgita”** under the guidance of Dr. M.V. Natesan, Professor (Rtd.), Department of Sanskrit Vyakarana, Sree Sankaracharya University of Sanskrit, Kalady.

b) Sri. Abdul Rafeek in Malayalam under the Faculty of Indian Languages for the Ph.D thesis titled **“സാഹിത്യരൂപവും സംസ്കാര ചരിത്രവും : ആധുനിക മലയാള സന്ദർഭങ്ങളെ മുൻനിർത്തിയുള്ള വിശകലനം”** under the guidance of Dr. Sunil P. Elayidom, Professor, Department of Malayalam, Sree Sankaracharya University of Sanskrit, Kalady.

c) Sri. Soumith S. in Sanskrit Vedanta under the Faculty of Indian Metaphysics for the Ph.D thesis titled **“Impact of Neo Vedanta on Indian Nationalism”** under the guidance of Dr. S. Geethamony Amma, Professor (Rtd.), Department of Sanskrit Vedanta, Sree Sankaracharya University of Sanskrit, Kalady.

d) Smt. Nija K.C. in Geography under the Faculty of Science, Technology & Education for the Ph.D thesis titled **“Problems and Prospects of Cardamom Cultivation in Idukki District, Kerala”** under the guidance of Dr. Lancelet T.S, Professor, Department of Geography, Sree Sankaracharya University of Sanskrit, Kalady.

e) Smt. Shabana M. in Sanskrit Sahitya under the Faculty of Sanskrit Literature for the Ph.D thesis titled **“Perceptions of Health and Physical Fitness – A Study Based on Sanskrit Sources”** under the guidance of Dr. V.R. Muralidharan, Professor (Rtd.), Department of Sanskrit Sahitya, Sree Sankaracharya University of Sanskrit, Kalady.

യോഗം 4.30 pm ന് അവസാനിച്ചു.

| | |
|---|---|
| **ഒപ്** | **ഒപ്** |
| **രജിസ്ട്രാർ** | **വൈസ് ചാൻസലർ** |